

# നേർപഥം

വാരിക

VOL NO: 05 I ISSUE 20
www.nerpatham.com
mail@nerpatham.com
2021 MAY 15 I ₹12

# ഫലസ്തീൻ ഇസ്രായേൽ: ചില നേരനുഭവങ്ങൾ

നിശ്ചയദാർഢ്യവും സ്വാതന്ത്ര്യാഭിവാഞ്ചയും കൈമുതലാക്കി അധിനിവേശശക്തികൾക്കെതിരെയുള്ള വിമോചനപോരാട്ടങ്ങൾക്ക് പുതിയ ഭാഷ്യം രചിക്കുകയാണ് ഫലസ്തീൻ ജനത. ഭൂമി മാത്രമല്ല, അവരുടെ ചരിത്രവുംകൂടി തിരസ്കരിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്ന സമകാലിക സാഹചര്യത്തിൽ, 27 തവണ ഫലസ്തീൻ സന്ദർശിച്ച അനുഭവങ്ങൾ ഓർത്തെടുക്കുകയാണ് ലേഖകൻ.

- ഫലസ്തീൻ: ഒലീവിലകളിലെ ചോരക്കറ മായുകില്ലേ?

- ഒലീവ് ഇനിയും തളിർക്കും
- അനാദിയായ ദൈവവും നാസ്തികരുടെ യുക്തിരാഹിത്യവും
- സുഊദി സിലബസിലെ രാമായണവും മഹാഭാരതവും: ആരോപണത്തിന്റെ നിജസ്ഥിതിയെന്ത്?

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

# 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്‌വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
**സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

Scan for Registration:

REGISTER http://jamiaalhind.com/admission

# 0226
# നേർപഥം
വാരിക

2021 മെയ് 15
1442 ശവ്വാൽ 03
പുസ്തകം 05 / ലക്കം 20

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









**05**
**മുഖമൊഴി**
ഫലസ്തീൻ: ഒലീവിലകളിലെ ചോരക്കറ മായുകില്ലേ?
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**15**
**ലേഖനം**
സുഊദി സിലബസിലെ രാമായണവും മഹാഭാരതവും: ആരോപണത്തിന്റെ നിജസ്ഥിതിയെന്ത്?
നൗഫൽ മദീനി

**18**
**ലേഖനം**
നീതിയുടെ മതം
ഉസ്മാൻ പാലക്കാഴി

**24**
**ലേഖനം**
അനാദിയായ ദൈവവും നാസ്തികരുടെ യുക്തിരാഹിത്യവും
അർഷദ് കുറിശ്ശാംകുളം

**26**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
ഭാഗം: 20
പി.എൻ സോമൻ

**30**
**ലേഖനം**
നല്ലമരണത്തിന്റെ ലക്ഷണങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**34**
**കവിത**
ഒലീവ് ഇനിയും തളിർക്കും
അർഷദ് താനൂർ

ചലനങ്ങൾ

# കോവിഡ് പ്രതിരോധം: പദ്ധതികളാവിഷ്കരിച്ച് വിസ്ഡം യൂത്ത്

മലപ്പുറം: വകഭേദം വന്ന കൊറോണ വൈറസ് ഭീതി വിതച്ചുകൊണ്ട് രാജ്യത്തൊന്നാകെ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രതിരോധത്തിനും രോഗികൾക്ക് ആശ്വാസമായും ആരോഗ്യ പ്രവർത്തകർക്ക് സഹായകമായും വിസ്ഡം യൂത്ത് സംസ്ഥാന സമിതി പദ്ധതികളാവിഷ്കരിച്ചു.

വാർഡ് തലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ തയ്യാറാക്കിയ ആർആർടിയിൽ ചേർന്ന് പ്രവർത്തിക്കാൻ കൃത്യമായ പരിശീലനം ലഭിച്ച വളണ്ടിയർമാരെ സജ്ജരാക്കി. ആശുപത്രികൾ രോഗികളെക്കൊണ്ട് നിറഞ്ഞ സാഹചര്യത്തിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതിലൂടെ പുറത്തിറങ്ങാനാവാതെ നിത്യരോഗികളും മറ്റും ചികിൽസ ലഭിക്കാതെ പ്രയാസപ്പെടുകയാണ്. അവരെ സഹായിക്കുന്നതിനായി ടെലി മെഡിസിനുമായി മെഡിക്കൽ ഹെൽപ് ഡെസ്ക് രൂപീകരിച്ചു. അലോപ്പതി, ഹോമിയോപതി, ആയുർവേദ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്ധരായ ഡോക്ടർമാരുടെ പാനൽ അതിനായി സജ്ജമാക്കി. മോഡേൺ മെഡിസിനിലെ എല്ലാവിഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

രോഗഭീതിയിലും ക്വാറന്റൈനിലും മനഃസംഘർഷങ്ങളിൽ കഴിയുന്നവർക്ക് ആശ്വാസമായി ഏത് സമയത്തും വിളിക്കാൻ സൗകര്യപ്പെടുംവിധം വിസ്ഡം അലൈവ് കൗൺസിലിംഗ് ഡെസ്ക് പ്രവർത്തനസജ്ജമാണ്. വിദഗ്ധരായ മനഃശാസ്ത്രരും കൗൺസിലർമാരുമടങ്ങുന്ന പാനലാണ് അതിനായി തയ്യാറാക്കിയിട്ടുള്ളത്. ഇത് 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്.

രോഗപ്രതിരോധ ബോധവൽകരണത്തിനും വിവിധങ്ങളായ പ്രചാരണ മാർഗങ്ങൾ തയ്യാറായിട്ടുണ്ട്. വിദഗ്ധരായ ഡോക്ടർമാരുടെ, പ്രതിരോധ മാർഗങ്ങളെ കുറിച്ചുള്ള ഷോർട്ട് വീഡിയോകൾ, പോസ്റ്ററുകൾ, കുറിപ്പുകൾ, ലേഖകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ സമൂഹമാധ്യമങ്ങളിലൂടെ എല്ലാ ദിവസവും പ്രചരിപ്പിക്കും. പീസ് റേഡിയോയിൽ സംശയനിവാരണങ്ങൾക്കും ബോധവൽകരണത്തിനും പ്രത്യേക പംക്തികൾ തയ്യാറാക്കിയിട്ടുണ്ട്. രക്തദാനം, മരുന്ന് വിതരണം, ഭക്ഷണ വിതരണം, മറ്റു അത്യാവശ്യകാര്യങ്ങൾ എന്നിവക്കായി ഡിസാസ്റ്റർ മാനേജ്മെന്റ് ടീം സർവസജ്ജരാണ്.

വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ കെ. താജുദ്ദീൻ സ്വലാഹി, ഹാരിസ് കായക്കൊടി, ഡോ. പി.എൻ ഷബീൽ, ഡോ.ഫസലുറഹ്മാൻ കക്കാട്, ഡോ.പി.പി നസീഫ്, ഡോ. കണ്ണിയൻ മുഹമ്മദ് കുട്ടി, ഡോ.അബ്ദുൽ മാലിക്, ഡോ.മുഹമ്മദ് ഷാസ്, നിഷാദ് സലഫി, സുഹൈൽ പി.യു, ജംഷീർ സ്വലാഹി, യു. മുഹമ്മദ് മദനി, പി.വി അനിൽ പ്രിംറോസ്, ഒ. മുഹമ്മദ് അൻവർ, മുജീബ് ഒട്ടുമ്മൽ നേതൃത്വം നൽകും. ജില്ല, മണ്ഡലം, ശാഖ സമിതികളിലും മോണിറ്ററിംഗിന് പ്രത്യേക സംഘത്തെ തയ്യാറാക്കിയിട്ടുണ്ട്.

### മസ്ജിദുൽ അഖ്സക്ക് നേരെയുള്ള ആക്രമണം; അന്താരാഷ്ട്ര സമൂഹം ഇടപെടണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: മസ്ജിദുൽ അഖ്സക്ക് നേരെ ഇസ്രാഈൽ സൈന്യം നടത്തിയ ആക്രമണത്തെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി അപലപിച്ചു. നിരായുധരായ ജനങ്ങൾക്ക് നേരെ നടത്തുന്ന ഇത്തരം അക്രമങ്ങൾക്കെതിരെ അന്താരാഷ്ട്ര സമൂഹം ഇടപെടണം. വിശുദ്ധ റമദാനിൽ സമാധാനപരമായി ആരാധന നടത്തിയവർക്കെതിരെ ഇസ്രാഈൽ സൈന്യത്തിന്റെ വേഷമണിഞ്ഞ ഭീകരർ നടത്തിയ ഈ ആക്രമണം മനുഷ്യത്വരഹിതമാണ്.

ഫലസ്തീൻ ജനതയുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ പകച്ചുപോയ ഇസ്രാഈൽ ഭീകരരുടെ നീക്കങ്ങളെ അന്താരാഷ്ട്ര കോടതി ചെറുക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി. എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി. കെ അഷ്റഫ് എന്നിവർ ആവശ്യപ്പെട്ടു.

മുഖമൊഴി

# ഫലസ്തീൻ: ഒലീവിലകളിലെ ചോരക്കറ മായുകില്ലേ?


റമദാനിലെ അവസാനത്തെ വെള്ളിയാഴ്ചയിൽ ആയിരക്കണക്കിനു ഫലസ്തീനികൾ മസ്ജിദുൽ അക്സയിൽ ഒരുമിച്ചുകൂടിയ സമയത്താണ് ഇസ്രായേൽ പോലീസ് പുതിയ നരനായാട്ടിനു തുടക്കം കുറിച്ചിരിക്കുന്നത്. മസ്ജിദുൽ അക്സയിലും അധിനിവേശ കിഴക്കൻ ജറുസലേമിലെ മറ്റിടങ്ങളിലുമുണ്ടായ ആക്രമണത്തിൽ നിരവധി ഫലസ്തീനികൾക്ക് പരിക്കുപറ്റി. റബ്ബർ ബുള്ളറ്റുകളും ഗ്രനേഡുകളും മറ്റും ഉപയോഗിച്ചാണ് അവർ പ്രാർഥനക്കു വന്നവരെ എതിരിട്ടത്. പള്ളിക്കുള്ളിലേക്കും പ്രാർഥിക്കുന്നവർക്കും നേരെ സ്റ്റൺ ഗ്രനേഡുകളും ടിയർ ഗ്യാസുകളും ഇസ്രായേൽ സേന എറിഞ്ഞു. ഫലസ്തീനികളാകട്ടെ പതിവുപോലെ കയ്യിൽ കിട്ടിയ കല്ലുകളും കുപ്പികളും കൊണ്ടാണ് പ്രതിരോധിച്ചത്.

പ്രശ്നം കൂടുതൽ വഷളാകാതെ അവസാനിക്കുമെന്ന പ്രതീക്ഷയിലായിരുന്നു സമാധാനകാംക്ഷികൾ. എന്നാൽ സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാണിപ്പോൾ. ഇസ്രായേൽ സൈന്യം കരയിലൂടെയും വായുവിലൂടെയും കടുത്ത ആക്രമണമാണ് ഫലസ്തീനു നേരെ നടത്തിക്കൊണ്ടിരിക്കുന്നത്. സിവിലിയൻമാരെ കൊന്നൊടുക്കുക എന്ന, ഇതുവരെയും തുടർന്നുവന്ന നയംതന്നെയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഗസ്സ എന്ന നഗരത്തെത്തന്നെ നാമാവശേഷമാക്കുന്ന തരത്തിലാണ് ബോംബുവർഷം നടത്തിക്കൊണ്ടിരിക്കുന്നത്. തകരുന്ന കെട്ടിടങ്ങളുടെയും മരിച്ചുവീഴുന്ന മനുഷ്യരുടെയും എണ്ണം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. ഫലസ്തീനാകട്ടെ തങ്ങളാലാകുന്നവിധം പ്രതിരോധിക്കാൻ ശ്രമിക്കുന്നുണ്ട്.

ഇസ്രായേലിന്റെ കോളനിവാഴ്ച ആരംഭിച്ചതു മുതൽ തുടങ്ങിയതാണ് അവരുടെ നരനായാട്ടും ഫലസ്തീനികളുടെ ചെറുത്തുനിൽപ്പും. ജനിച്ചുവളർന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതുന്ന ഫലസ്തീനികളെ അക്രമികളായും അധിനിവേശം നടത്തിയ അക്രമികളായ ഇസ്രയേലികളെ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നവരുമായി മാത്രമെ എന്നും പാശ്ചാത്യമാധ്യമങ്ങളും രാഷ്ട്രങ്ങളും ചിത്രീകരിച്ചിട്ടുള്ളൂ. ഫലസ്തീൻ -ഇസ്രായേൽ സംഘർഷം റിപ്പോർട്ട് ചെയ്യുമ്പോൾ ഇസ്രായേൽ ഒരു അധിനിവേശ രാഷ്ട്രമാണെന്ന യാഥാർഥ്യം വ്യക്തമാക്കാൻ മാധ്യമങ്ങൾ ശ്രമിക്കാറില്ല. ഫലസ്തീൻകാരിൽനിന്നും അന്യായമായി പിടിച്ചെടുത്ത ഫലസ്തീൻകാരുടെ ജന്മസ്ഥലത്താണ് സംഘർഷങ്ങൾ നടക്കുന്നതെന്ന വസ്തുത മാധ്യമങ്ങൾ മറച്ചുവെക്കും.

ഫലസ്തീനികളെ ഉന്മൂലനാശം വരുത്തി മുഴുവൻ പ്രദേശവും തങ്ങളുടെതാക്കുക എന്ന ലക്ഷ്യമാണ് ഇസ്രയേലിനുള്ളത്. ഫലസ്തീനി ബാലന്മാരെ തിരഞ്ഞുപിടിച്ച് വധിക്കുന്നതിനു പിന്നിൽ ഈയൊരു ലക്ഷ്യമാണുള്ളത്. വ്യോമാക്രമണം നടത്തി ഫലസ്തീൻ ജനങ്ങളെ കൊന്നൊടുക്കുവാൻ ഇസ്രായേൽ യാതൊരും മടിയും കാണിക്കാറില്ല. ഫലസ്തീനികളുടെ ഭവനങ്ങൾ തകർക്കുന്നത് അവർക്കൊരു ലഹരിയാണ്.

ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽക്കേ ഇന്ത്യ മർദിതരായ ഫലസ്തീനികളുടെ പക്ഷത്തായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥ മാറിയിരിക്കുന്നു. മർദകരായ ഇസ്രയേലിനെ പല കാര്യങ്ങൾക്കും ആശ്രയിക്കാനും സഹായിക്കാനും ഇന്ത്യ മുന്നിൽതന്നെയുണ്ട്! ദിവസങ്ങളോളം ഫലസ്തീനികളുടെ മേൽ വ്യോമാക്രമണം നടത്തിയ ഇസ്രയേലിന്റെ കടുത്ത മനുഷ്യാവകാശലംഘനങ്ങളെ അപലപിച്ച് പ്രമേയം പാസാക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം പോലും സംഘപരിവാർ സർക്കാർ തള്ളിക്കളഞ്ഞ ചരിത്രമാണുള്ളത്. ഐക്യരാഷ്ട്രസഭയും റഷ്യയടക്കമുള്ള പല രാഷ്ട്രങ്ങളും ഇസ്രായേലിന്റെ ഇപ്പോഴത്തെ ആക്രമണത്തെ അപലപിച്ചു കാണുന്നത് ശുഭസൂചനയാണെന്നു കരുതാം.



ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം

# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

6

നബിﷺ ഒരിക്കൽ തന്റെ അനുചരന്മാരെ അഭിസംബോധന ചെയ്തു പറഞ്ഞു; സൂര്യൻ അസ്തമയത്തിനോടടുത്ത സമയമായിരുന്നു അത്: "നിങ്ങളുടെ ഈ ദിവസത്തിൽ ഇനി ശേഷിക്കുന്നതെത്ര സമയമാണോ അത്രയേ ഇനിയുള്ളൂ ഈ ഇഹലോകത്തിന്റെ സമയവും."(അഹ്മദ്, തിർമിദി).

അതിനാൽ സ്വന്തത്തോട് ഗുണകാംക്ഷയുള്ള വിവേകശാലികളായ ഓരോരുത്തരും ഈ നബിവചനത്തെക്കുറിച്ച് ശരിക്കും ഒന്ന് ചിന്തിക്കട്ടെ! ഈ ചുരുങ്ങിയ കാലയളവിൽ തനിക്ക് ഉണ്ടായ ഏതുകാര്യവും; അത് സ്ഥായിയല്ല എന്നത് അറിഞ്ഞുകൊള്ളട്ടെ! താൻ വഞ്ചനയുടെയും പേക്കിനാവുകളുടെയും ഒരു ലോകത്താണുള്ളതെന്നും ഓർത്തുകൊള്ളട്ടെ! ശാശ്വതമായ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും അനുഗ്രഹലോകം തുലോം തുച്ഛമായ, വളരെ നിസ്സാരമായ വിഹിതത്തിനുവേണ്ടി വിറ്റുകളയുകയാണെന്നതും ഓർക്കുക.

അല്ലാഹുവിനെയും പരലോകത്തെയുമാണ് ഒരാൾ ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും അല്ലാഹു അയാൾക്ക് ഇഹലോകത്തെ ആ വിഹിതവും പൂർത്തീകരിച്ച് കൊടുക്കുന്നതാണ്. ചില മഹദ് വചനങ്ങളിൽ വന്നത് പോലെ; 'മനുഷ്യ പുത്രാ! പരലോകത്തിന് പകരമായി നീ ഇഹലോകത്തെ വിൽക്കുക. എങ്കിൽ ഇരുലോകത്തും നിനക്ക് ലാഭം കൊയ്യാം. ഇഹലോകത്തിനു പകരമായി നീ പരലോകത്തെ വിൽക്കരുത്, കാരണം അങ്ങനെയെങ്കിൽ ഇരുലോകത്തും നിനക്ക് വലിയ നഷ്ടമായിരിക്കും ഉണ്ടാവുക' (ഹസനുൽ ബസ്വരി(റഹി)യുടെ വാക്കുകളായി അബൂനുഐം(റഹി) 'ഹിൽയ'യിൽ (2:143) ഉദ്ധരിച്ചത്).

സലഫുകളിൽ ചിലർ പറഞ്ഞു: "മനുഷ്യ പുത്രാ! ദുൻയാവിലെ നിന്റെ വിഹിതം നിനക്ക് ആവശ്യമാണ്. എന്നാൽ പരലോകത്തിലെ നിന്റെ വിഹിതം നിനക്ക് ഇതിലേറെ ആവശ്യമാണെന്നറിയുക. അതിനാൽ ദുൻയാവിന്റെ വിഹിതം വാരിക്കൂട്ടാനാണ് നീ ആദ്യപരിഗണന നൽകുന്നതെങ്കിൽ പരലോകത്തെ നിന്റെ വിഹിതം തരപ്പെടുത്താനാകാതെ പോകുകയും ദുൻയാവിന്റെ വിഹിതത്തിന്റെ കാര്യത്തിൽ നീ ഭീതിയിലായിരിക്കുകയും ചെയ്യും. എന്നാൽ പരലോകത്തെ നിന്റെ വിഹിതം ഒരുക്കുന്നതിലാണ് നിന്റെ പ്രഥമ ശ്രദ്ധയെങ്കിൽ ദുൻയാവിലെ നിന്റെ വിഹിതം നിനക്ക് നേടുവാനും അതിനെ നിനക്ക് ക്രമപ്പെടുത്തുവാനും കഴിയും"(മുആദ് ഇബ്നു ജബലിﷺന്റെ വാക്കുകളായി ഇബ്നു അബീ ശൈബ 'മുസ്വന്നഫി'ലും ത്വബ്റാനി 'മുഅ്ജമുൽ കബീറി'ലും ഉദ്ധരിച്ചത്).

ഉമറുബ്നു അബ്ദിൽ അസീസ്(റഹി) തന്റെ ഖുത്വുബയിൽ പറയാറുണ്ടായിരുന്നു: "അല്ലയോ ജനങ്ങളേ, നിങ്ങൾ വ്യഥാ സൃഷ്ടിക്കപ്പെടുകയോ വെറുതെ വിട്ടുകളയപ്പെട്ടിരിക്കുകയോ അല്ല. തീർച്ചയായും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൂട്ടുന്ന ഒരു മടക്കസ്ഥാനം നിങ്ങൾക്കുണ്ട്. അവിടെവെച്ചാണ് നിങ്ങളുടെ കാര്യത്തിൽ നീതിപൂർവകമായ വിധിയും തദടിസ്ഥാനത്തിൽ നിങ്ങളെ വേർതിരിക്കപ്പെടുന്നതും. അപ്പോൾ ഏതൊരുത്തൻ അല്ലാഹുവിന്റെ അതിവിശാലമായ കാരുണ്യത്തിൽനിന്നും ആകാശഭൂമികളോളം വിശാലമായ അവന്റെ സ്വർഗത്തിൽനിന്നും പുറത്താക്കപ്പെടുന്നുവോ അയാൾ പരാജയപ്പെടുകയും ദൗർഭാഗ്യവാനാവുകയും ചെയ്തു. തീർച്ചയായും നിർഭയത്വവും സമാധാനവും നാളെയുടെ ലോകത്താണ്. അല്ലാഹുവിനെ ഭയപ്പെട്ടും അവന്റെ വിധിവിലക്കുകൾ സൂക്ഷിച്ചും ധാരാളത്തിനു പകരമായി തുച്ഛമായതിനെയും അനശ്വരമായതിനു ബദലായി നശ്വരമായതിനെയും സൗഭാഗ്യത്തിനു വേണ്ടി ദൗർഭാഗ്യത്തെയും ബലികഴിച്ചവർക്കാണ് അതുള്ളത്. നിങ്ങൾ മൺമറഞ്ഞുപോയവരുടെ പിൻഗാമികളാണെന്നത് നിങ്ങൾക്ക് ഓർമയില്ലേ? ഇനി നിങ്ങൾക്ക് ശേഷം മരണമില്ലാത്തവരെ അവൻ നിങ്ങളുടെ പിൻഗാമികളാക്കുമോ? (അഥവാ മുൻഗാമികൾ മരിച്ചുപോയത് പോലെ അവരുടെ പിൻഗാമികളും മരിച്ചുപോകും) ഓരോ ദിവസവും ഊഴം കഴിഞ്ഞ് അല്ലാഹുവിലേക്ക് യാത്രയായ എത്രയെത്രയാളുകളെ യാത്രയാക്കുന്നതിനു നിങ്ങൾ സാക്ഷികളാകുന്നു! അവരുടെ ഈ ലോകത്തെ പ്രതീക്ഷകൾ അവസാനിച്ചു. അവരെ നിങ്ങൾ ഖബ്റാകുന്ന വിശ്രമമുറിയിൽ ഭൂമിപിളർത്തി ഇറക്കിവെക്കുകയും കട്ടിലും തലയണയുമില്ലാതെ അവരെ കിടത്തിപ്പോരുകയും ചെയ്യുന്നത് കാണുന്നില്ലേ? ബന്ധുമിത്രാദികളെയും കൂട്ടുകുടുംബാദികളെയും എല്ലാം വേർപിരിഞ്ഞു വിചാരണയുടെ ലോകത്തേക്ക് അവർ യാത്രയായിരിക്കുകയാണ്" (അബൂനുഐം 'ഹിൽയ'യിൽ ഉദ്ധരിച്ചത്).

അതായത്, അല്ലാഹു ഒരു അടിമയെ ഈ ചുരുങ്ങിയ കാലയളവിലെ ജീവിതത്തിൽ മേൽപറഞ്ഞ ശത്രുക്കൾക്കെതിരിൽ അവന്റെ സൈന്യങ്ങളെക്കൊണ്ടും സന്നാഹങ്ങൾകൊണ്ടുമൊക്കെ സഹായിക്കുന്നതാണ്. തന്റെ ശത്രുവിൽനിന്ന് തനിക്ക് സുരക്ഷ നൽകുന്നതെന്താണെന്നും ആ ശത്രുവിന്റെ പിടിയിലകപ്പെട്ടാൽ എങ്ങനെയാണു മോചനം നേടാനാവുകയെന്നും അല്ലാഹു വിശദീകരിച്ചിട്ടുമുണ്ട്.

ഇമാം അഹ്മദ്(റഹി), തിർമിദി(റഹി) മുതലായവർ അബൂമൂസൽ അശ്അരിﷺയുടെ ഹദീഥായി ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു യഹ്‌യ നബിﷺയോട് അഞ്ച് കാര്യങ്ങൾ കൽപിച്ചു. അതനുസരിച്ച് അദ്ദേഹം പ്രവർത്തിക്കുവാനും ബനൂ ഇസ്റാഈല്യർ അതനുസരിച്ചു പ്രവർത്തിക്കാൻ അവരോടു കൽപിക്കുന്നതിനും വേണ്ടി. എന്നാൽ അദ്ദേഹം അതിൽ താമസം വരുത്തിയപ്പോൾ ഈസാ നബിﷺ അദ്ദേഹത്തോട് പറഞ്ഞു: "നിശ്ചയം, താങ്കൾ കർമപഥത്തിൽ കൊണ്ടുവരുന്നതിനും ബനൂ ഇസ്റാഈല്യരോട് അതിനായി കൽപിക്കുന്നതിനും അല്ലാഹു അഞ്ച് കാര്യങ്ങൾ താങ്കളോട് കൽപിക്കുകയുണ്ടായി. ഒന്നുകിൽ താങ്കളത് അവരോടു കൽപിക്കുക. അല്ലെങ്കിൽ ഞാൻ അവരോട് പറയാം." അപ്പോൾ യഹ്‌യﷺ പറഞ്ഞു: "താങ്കൾ എന്നെ മുൻകടന്ന് അങ്ങനെ ചെയ്താൽ ഞാൻ ഭൂമിയിലേക്ക് ആഴ്ത്തപ്പെടുകയോ മറ്റു വല്ല ശിക്ഷയും എന്നെ പിടി

കൂടുകയോ ചെയ്യുമെന്ന് ഞാൻ ഭയക്കുന്നു.” അങ്ങനെ യഹ്‌യ(അ) ആളുകളെ ബൈത്തുൽ മഖ്ദിസിൽ ഒരുമിച്ചുകൂട്ടി. ആളുകളെക്കൊണ്ട് പള്ളി തിങ്ങി നിറഞ്ഞു. അതിന്റെ വരാന്തകളിലടക്കം ആളുകൾ ഇരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: “നിശ്ചയം, ഞാൻ എന്റെ കർമപഥത്തിൽ കൊണ്ടുവരുവാനും നിങ്ങളോട് അതിനു കൽപിക്കുവാനുമായി അഞ്ച് കാര്യങ്ങൾ അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു. അതിൽ ഒന്നാമത്തെത്; നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവനിൽ യാതൊന്നിനെയും പങ്കുചേർക്കരുതെന്നതുമാണ്. അല്ലാഹുവിൽ പങ്കുചേർക്കുന്നവന്റെ ഉപമ, സ്വന്തം സമ്പാദ്യമായ സ്വർണവും വെള്ളിയും ചെലവഴിച്ച് ഒരു അടിമയെ വിലയ്ക്ക് വാങ്ങിയവനെ പോലെയാണ്. എന്നിട്ടയാൾ ആ അടിമയോട് പറഞ്ഞു: ‘ഇതാണ് എന്റെ ഭവനം. ഇതാണ് എനിക്ക് വേണ്ടി നീ ചെയ്യേണ്ട ജോലിയും. അതിനാൽ നീ എനിക്കുവേണ്ടി ജോലി ചെയ്യുക.’ എന്നാൽ ആ അടിമ തന്റെ യജമാനനല്ലാത്ത മറ്റൊരാൾക്ക് വേണ്ടിയാണു ജോലി ചെയ്തുകൊണ്ടിരിക്കുന്നത്! നിങ്ങളിൽ ആരാണ് തന്റെ അടിമ ഇപ്രകാരമായിരിക്കുന്നത് ഇഷ്ടപ്പെടുക?

നിശ്ചയം, അല്ലാഹു നിങ്ങളോടു നമസ്കരിക്കുവാൻ കൽപിച്ചിരിക്കുന്നു. നിങ്ങൾ നമസ്കരിക്കാൻ നിൽക്കുമ്പോൾ തിരിഞ്ഞുനോക്കരുത്. ഒരു അടിമ തന്റെ നമസ്കാരത്തിൽ മുഖം തിരിക്കാത്തിടത്തോളം അല്ലാഹു തന്റെ മുഖത്തെ ആ അടിമയുടെ നേരെ തിരിച്ചു നിർത്തുന്നതാണ്.

അല്ലാഹു നിങ്ങളോടു വ്രതമനുഷ്ഠിക്കാൻ കൽപിച്ചിരിക്കുന്നു. നിശ്ചയം, അതിന്റെ ഉപമ ആൾക്കൂട്ടത്തിലെ ഒരാളുടെത് പോലെയാണ്. അയാളുടെ കയ്യിൽ ഒരു പൊതിയുണ്ട്. അതിൽ കസ്തൂരിയാണ്. എല്ലാവരും അതിന്റെ സുഗന്ധത്തിൽ അത്ഭുതം കൂറുന്നു. നിശ്ചയം, നോമ്പുകാരന്റെ വായുടെ വാസന അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ വിശിഷ്ടമാണ്.

അവൻ നിങ്ങളോടു ദാനധർമത്തിനു കൽപിച്ചു. അതിന്റെ ഉപമയാകട്ടെ ശത്രുവിന്റെ പിടിയിൽപെട്ട ഒരാളെ പോലെയാണ്. ശത്രുക്കൾ അയാളുടെ കൈ പിരടിയിലേക്ക് ചേർത്തുകെട്ടി. എന്നിട്ട് അയാളുടെ കഴുത്തുവെട്ടാൻ അവർ ഒരുങ്ങി. അപ്പോൾ അയാൾ പറഞ്ഞു: ‘ഞാൻ എന്റെ ചെറുതും വലുതുമായ എല്ലാം (സർവസ്വവും) നിങ്ങൾക്കു നൽകാം, നിങ്ങളെന്നെവിടൂ.’ അങ്ങനെ അയാൾ സ്വയം അവരിൽ നിന്ന് മോചിതനായി.

അവൻ നിങ്ങളോടു ‘ദിക്ർ’ ചെയ്യാൻ കൽപിച്ചു. നിശ്ചയം, അതിന്റെ ഉപമ ശത്രുക്കൾ പിന്നാലെ കൂടി ഓടിച്ച ഒരാളുടെത് പോലെയാണ്. അങ്ങനെ അയാൾ സുരക്ഷിതമായ ഒരു കോട്ടയിൽ എത്തി. അവരിൽനിന്ന് രക്ഷപ്പെട്ടു. അപ്രകാരമാണ് ഒരു ആൾക്ക് അയാളെ പിശാചിൽനിന്ന് സ്വന്തത്തെ രക്ഷപ്പെടുത്താൻ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ(ദിക്ർ) അല്ലാതെ സാധിക്കുകയില്ല.

നബി(ﷺ) പറഞ്ഞു: “ഞാൻ നിങ്ങളോട് അഞ്ച് കാര്യങ്ങൾ കൽപിക്കുന്നു; അല്ലാഹു അവ എന്നോട് കൽപിച്ചതാണ്. കേൾക്കൽ (സംഅ്), അനുസരിക്കൽ (ത്വാഅത്ത്), ധർമസമരം (ജിഹാദ്), ദേശപരിത്യാഗം(ഹിജ്റ), സംഘടിച്ച് നിൽക്കൽ(അൽജമാഅഃ) എന്നിവയാണവ. അൽജമാഅ(സത്യസംഘം)യെ വിട്ട് അൽപമെങ്കിലും ആരെങ്കിലും അകന്നാൽ അയാൾ തന്റെ കഴുത്തിൽനിന്ന് ഇസ്‌ലാമിനെ അഴിച്ചുവെക്കുകയാണ് ചെയ്തത്; തിരിച്ചുവരുന്നത് വരെ. അനിസ്‌ലാമികമായ വല്ല വാദങ്ങളും ആരെങ്കിലും വാദിച്ചാൽ നിശ്ചയം അയാൾ നരകാവകാശികളിൽ പെട്ടവനായി.” അപ്പോൾ ഒരാൾ ചോദിച്ചു: “നബിയേ, അയാൾ നമസ്കരിക്കുകയും നോമ്പെടുക്കുകയും ചെയ്താലും?” അവിടുന്ന് പറഞ്ഞു: “അയാൾ നമസ്കരിക്കുകയും നോമ്പെടുക്കുകയും ചെയ്താലും! അതിനാൽ, അല്ലാഹുവിന്റെ അടിമകളായ വിശ്വാസികളേ, നിങ്ങളെ മുസ്‌ലിംകൾ എന്ന് പേരുവിളിച്ച അല്ലാഹുവിന്റെ നിയമനിർദേശങ്ങളെ നിങ്ങൾ പുൽകുക” (തിർമിദി. ഇത് ഹസനും സ്വഹീഹുമായ ഹദീഥ് ആണെന്ന് അദ്ദേഹം പറഞ്ഞു. അഹ്മദ്, ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ, ഹാകിം മുതലായവരും ഇത് ഉദ്ധരിച്ചിട്ടുണ്ട്).

ഓരോ മുസ്‌ലിമും ശരിക്ക് ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യേണ്ടതായ ഈ വിലപ്പെട്ട ഹദീഥിലൂടെ നബി(ﷺ) പറഞ്ഞത്; പിശാചിന്റെ ഉപദ്രവത്തിൽനിന്നും ഒരാളെ രക്ഷപ്പെടുത്തുന്ന കാര്യങ്ങളും ഒരാൾക്ക് ഇഹപര വിജയം നേടിക്കൊടുക്കുന്ന കാര്യങ്ങളുമാണ്.

ഏകദൈവ വിശ്വാസി(മുവഹ്ഹിദ്)യുടെയും ബഹുദൈവ വിശ്വാസി(മുശ്‌രിക്ക്)യുടെയും ഉപമ പറഞ്ഞത് ശ്രദ്ധേയമാണ്. ഏകദൈവ വിശ്വാസി തന്റെ യജമാനന്റെ വീട്ടിൽ യജമാനന് വേണ്ടി ജോലി ചെയ്തവനെ പോലെയാണ്. യജമാനൻ അയാളെ ഏൽപിച്ച പണികൾ അയാൾ ചെയ്തു. എന്നാൽ ബഹുദൈവ വിശ്വാസിയാകട്ടെ യജമാനൻ തന്റെ വീട്ടിൽ

ജോലിക്ക് നിശ്ചയിച്ചവനെ പോലെയാണ്. എന്നിട്ട യാൾ ജോലി ചെയ്തതും തന്റെ വരുമാനമേൽപി ച്ചതും യജമാനനല്ലാത്ത മറ്റൊരാൾക്കാണ്! ഇതുപോ ലെയാണ് ബഹുദൈവാരാധകൻ; അല്ലാഹുവിന്റെ ഭവനത്തിൽ അല്ലാഹു അല്ലാത്തവർക്ക് വേണ്ടി പ ണിയെടുക്കുന്നു. അല്ലാഹു നൽകിയ അനുഗ്രഹങ്ങ ളുമായി അല്ലാഹുവിന്റെ ശത്രുവിലേക്ക് അയാൾ അ ടുത്തുകൊണ്ടിരിക്കുകയാണ്!

മനുഷ്യന്മാർക്കാർക്കെങ്കിലും ഇതുപോലെ ഒരു ഭൃത്യനോ ദാസനോ ഉണ്ടെങ്കിൽ അയാൾക്ക് ഇവ നോട് ഏറ്റവും വെറുപ്പും ദേഷ്യവുമായിരിക്കുമെന്നത് പറയേണ്ടതില്ലല്ലോ. അയാൾ അവനോട് അങ്ങേയറ്റം ദേഷ്യപ്പെടുകയും അവനെ ആട്ടിയകറ്റുകയും ചെയ്യും. രണ്ടുപേരും ഒരേപോലെ സൃഷ്ടികളാണ്; രണ്ടുപേരും തങ്ങളുടെതല്ലാത്ത സൗകര്യങ്ങളിലും അനുഗ്രഹ ങ്ങളിലും. എന്നിരിക്കെ സർവലോക രക്ഷിതാവായ, ഏതൊരാൾക്കും ഏതേത് അനുഗ്രഹങ്ങളും നൽ കിയ ഏകനായ രക്ഷിതാവ്, അവനിലൂടെയാണ് ഓ രോരുത്തർക്കുള്ള നന്മകളെല്ലാം വന്നെത്തുന്നതും ദോഷങ്ങളെല്ലാം അകറ്റുന്നതും. അവൻ മാത്രമാണ് തന്റെ അടിമയെ സൃഷ്ടിച്ചതും അവനു കരുണ ചെ യ്യുന്നതും അവനെ നിയന്ത്രിക്കുന്നതും ഉപജീവനം നൽകുന്നതും അവനു സൗഖ്യം നൽകുന്നതും ആ വശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതും, എന്നിരിക്കെ എന്തുമാത്രം അക്രമമാണ് ബഹുദൈവത്വത്തിലൂടെ അവൻ ചെയ്യുന്നത്!

എങ്ങനെയാണ് അവന് തന്റെ രക്ഷിതാവിനോട് സ്നേഹത്തിലും ഭയത്തിലും പ്രതീക്ഷയിലും സത്യം ചെയ്യലിലും നേർച്ചനേരുന്നതിലും ഇടപാടുകളിലു മൊക്കെ മറ്റുള്ളവരെ തുല്യരാക്കാനും പങ്കുചേർക്കാ നും പറ്റുക? അങ്ങനെ അവൻ പടച്ചവനെ സ്നേഹി ക്കുന്നതുപോലെ, അല്ലെങ്കിൽ അതിനെക്കാൾ ഉപ രിയായി മറ്റുള്ളവരെ സ്നേഹിക്കുകയും പ്രതീക്ഷി ക്കുകയും ചെയ്യുന്നു!

അവരുടെ സ്ഥിതിഗതികളും വാക്കുകളും പ്രവൃ ത്തികളുമെല്ലാം സാക്ഷികളായി സ്വയം വിളിച്ചു പറ യുന്നുണ്ട്; അവർ തങ്ങളുടെ ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ പങ്കാളികളെ ഭയപ്പെടുകയും അ വരിൽനിന്ന് പ്രതീക്ഷിക്കുകയും അവരുടെ തൃപ്തി നേടുകയും അവരുടെ ക്രോധത്തിൽ നിന്ന് ഓടിയ കലാൻ ശ്രമിക്കുകയും അവരോടു സഹവർത്തിത്വ ത്തിനൊരുങ്ങുകയും ചെയ്യുന്നു എന്ന്.

ഇത് തന്നെയാണ് അല്ലാഹു ഒരിക്കലും പൊറു ക്കുകയില്ലെന്ന് ആവർത്തിച്ചു പറഞ്ഞ 'ശിർക്ക്' അ ഥവാ പങ്കുചേർക്കൽ. അല്ലാഹു പറയുന്നു:

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒ രിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊ ടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ച മച്ചുണ്ടാക്കിയിരിക്കുന്നത്" (4:48).

"തന്നോട് പങ്കുചേർക്കപ്പെടുക എ ന്നത് അല്ലാഹു പൊറുക്കുകയില്ല; തീർ ച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശി ക്കുന്നവർക്ക് അവൻ പൊറുത്തുകൊ ടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂ രം പിഴച്ചുപോയിരിക്കുന്നു" (4:116).

മനുഷ്യരുടെ അന്യായങ്ങളുടെയും അക്രമങ്ങളുടെയും മൂന്നുതരം ഏടു കളാണ് അന്ത്യദിനത്തിൽ അല്ലാഹു വിന്റെ പക്കലുണ്ടാവുക:

1) അല്ലാഹു പൊറുക്കാത്ത അക്ര മങ്ങളുടെ ഏട്. അത് ബഹുദൈവത്വ (ശിർക്ക്)ത്തിന്റെതാണ്. നിശ്ചയം അ ല്ലാഹുവിൽ പങ്കുചേർക്കുക എന്നത് അ വൻ ഒരിക്കലും പൊറുക്കുകയില്ല.

2) ഒന്നും അല്ലാഹു ഒഴിവാക്കി വിട്ടു കളയാത്തതായ അക്രമങ്ങളുടെ ഏട്. സൃഷ്ടികൾ പരസ്പരം ചെയ്ത അ ന്യായങ്ങളും അക്രമങ്ങളും രേഖപ്പെ ടുത്തിയ ഏടാണ് അത്. അല്ലാഹു അ വയെല്ലാം വിധി പറഞ്ഞു തീർപ്പുകൽ പിക്കുന്നതാണ്.

3) അല്ലാഹു പരിഗണിക്കാത്ത അ ന്യായങ്ങളുടെ ഏട്. അതായത് ഒരു അ ടിമ തനിക്കും തന്റെ രക്ഷിതാവിനും ഇടയിൽ ചെയ്തതായ അന്യായങ്ങളാ ണത്. തീർച്ചയായും ഈ രേഖയായിരി ക്കും ഏറ്റവും ഗൗരവം കുറഞ്ഞതും പെ ട്ടെന്ന് മറന്നുപോകുന്നതും. നിശ്ചയം, അത് തൗബ (പശ്ചാത്താപം), ഇസ്തി ഗ്ഫാർ (പൊറുക്കലിനെ തേടൽ), തിന്മ യെ മായ്ക്കുന്ന നന്മകൾ, പാപം പൊ റുക്കുവാനുതകുന്ന പ്രയാസങ്ങൾ മു തലായവയിലൂടെയെല്ലാം മായ്ച്ചുകള യാവുന്നതാണ്. എന്നാൽ ബഹുദൈവാ രാധനയുടെ (ശിർക്കിന്റെ) ഏട് ഇതുപോ ലെയല്ല. അത് ഏകദൈവാരാധന(തൗ ഹീദ്)യിലൂടെയല്ലാതെ മായ്ച്ചുകളയാൻ പറ്റില്ല. അപ്രകാരം തന്നെ സഹജീവി കളോട് ചെയ്ത അന്യായങ്ങളും പൊ റുക്കപ്പെടണമെങ്കിൽ അവയിൽ നിന്ന് ഒഴിവായി അതിന്റെ ഉടമയെ അറിയി ക്കുകയും പൊരുത്തപ്പെടുവിക്കുകയും ചെയ്യേണ്ടതുണ്ട്. (തുടരും)

കവർ സ്റ്റോറി

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി
abdurazaksullamy@gmail.com



# ഫലസ്തീൻ - ഇസ്രായേൽ ചില നേരനുഭവങ്ങൾ

**നിശ്ചയാദാർഢ്യവും സ്വാതന്ത്ര്യാഭിവാഞ്ചയും കൈമുതലാക്കി അധിനിവേശശക്തികൾക്കെതിരെയുള്ള വിമോചനപോരാട്ടങ്ങൾക്ക് പുതിയ ഭാഷ്യം രചിക്കുകയാണ് ഫലസ്തീൻ ജനത. ഭൂമി മാത്രമല്ല, അവരുടെ ചരിത്രവുംകൂടി തിരസ്കരിക്കാനുള്ള ശ്രമങ്ങൾ തകൃതിയായി നടക്കുന്ന സമകാലിക സാഹചര്യത്തിൽ, 27 തവണ ഫലസ്തീൻ സന്ദർശിച്ച അനുഭവങ്ങൾ ഓർത്തെടുക്കുകയാണ് ലേഖകൻ.**

ക്വുർആൻ ചരിത്ര ഗവേഷണാവശ്യാർഥവും ടൂറിസ്റ്റ് ഗൈഡ് എന്ന നിലയിലുമായി ഏകദേശം ഇരുപത്തി ഏഴ് തവണ ഞാൻ ഫലസ്തീനും ഇസ്രയേലും സന്ദർശിച്ചിട്ടുണ്ട്.

1948ൽ ബ്രിട്ടന്റെ നേതൃത്വത്തിൽ, ഫലസ്തീൻ ജനത സമാധാനപരമായി ജീവിക്കുന്ന കാലത്താണ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നുള്ള ജൂതന്മാരെ അവിടെ കൊണ്ടുവന്ന് കുടിയിരുത്തി ഇസ്രയേൽ

എന്ന ജൂതരാഷ്ട്രം സ്ഥാപിച്ചത്. അതിന്റെ വിസ്തീർണം കേരളത്തിന്റെ ഏകദേശം പകുതിയാണ്. അതിൽ തന്നെ വലിയൊരു ഭാഗം നേഖേവ് മരുഭൂമിയാണ്. പിന്നീട് 1967ൽ ഇസ്രയേൽ നടത്തിയ ഒരു യുദ്ധത്തിലൂടെ രാഷ്ട്രം വികസിപ്പിച്ചു. ഇന്ത്യയുടെ രണ്ട് ഭാഗങ്ങളിൽ പാകിസ്ഥാനും ബംഗ്ലാദേശും ഉള്ളത് പോലെ ഇസ്രയേലിന്റെ രണ്ട് ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ഗസ്സയും വെസ്റ്റ്ബാങ്കും കൂടിയതാണ് അർധസ്വാതന്ത്ര്യമുള്ള ഫലസ്തീൻ.

അതിന്റെ ആകെ വിസ്തീർണം 6220 ചതുരശ്ര കിലോമീറ്ററാണ്. അഥവാ ഏകദേശം മലപ്പുറം ജില്ലയുടെ ഇരട്ടി. ജനസംഖ്യ 50 ലക്ഷവുമാണ്. കൂടാതെ ഇസ്രയേലിനകത്ത് 65 ലക്ഷത്തോളം ജൂതന്മാരും 20 ലക്ഷം മുസ്‌ലിംകളും ജീവിക്കുന്നു. ഇസ്രയേലിലും ഫലസ്തീനിലും ന്യൂനപക്ഷ ക്രിസ്ത്യാനികളും ഉണ്ട്.

മലയാളികളായ മുസ്‌ലിംകളും ഇസ്രയേലിൽ ജോലി ചെയ്യുന്നുണ്ട്. ഇസ്രയേൽ സർക്കാർ അധിനിവേശത്തിനു ശേഷം എത്രയോ കൂട്ടക്കൊലകൾ നടത്തിയിട്ടുണ്ട്. മുസ്‌ലിംകളുടെ വീടുകൾ ഒഴിപ്പിച്ച് അവ തകർത്ത് അവിടെ ജൂതകോളനികൾ സ്ഥാപിക്കുന്നത് അവിടുത്തെ പതിവാണ്.

ആർ.എസ്.എസ് ആസൂത്രിതമായി ഇന്ത്യയെ ഒരു ഹിന്ദു ഫാസിസ്റ്റ് രാഷ്ട്രമാക്കാൻ പ്രവർത്തിക്കുന്നത് പോലെ ഇസ്രയേലിലെ ജൂതസർക്കാർ അമേരിക്കയുടെ പിന്തുണയോടെ ഫലസ്തീൻ മുഴുവൻ ജൂതരാഷ്ട്രത്തിന്റെ ഭാഗമാക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുകയാണ്. അതിന്റെ ഭാഗമാണ് ഇടയ്ക്കിടെയുണ്ടാകുന്ന ആക്രമണങ്ങളും വീടുകൾ തകർക്കലും മറ്റും.

ഫലസ്തീനികൾ വിശ്വസ്തതയുള്ള ഒരു ജനതയാണ്. ഉയർന്ന വിദ്യഭ്യാസവും ശക്തമായ ചെറുത്തുനിൽപ്പും അന്തസ്സുള്ള ജീവിതവും അവരുടെ മുഖമുദ്രയാണ്. അറബി ഭാഷക്ക് പുറമെ ഇംഗ്ലീഷിലും ഇസ്രയേലിന്റെ ഭാഷയായ ഹിബ്രുവിലും അവർക്ക് ഒഴുക്കോടെതന്നെ സംസാരിക്കാൻ കഴിയും.

1967ൽ ഇസ്രയേൽ മസ്ജിദുൽ അക്സ കോമ്പൗണ്ട് ഉൾപ്പെടുന്ന ജറുസലേം നഗരം പിടിച്ചടക്കിയിട്ടും മസ്ജിദുൽ അക്സയിൽ അഞ്ചുനേരത്തെ ജമാഅത്ത് നമസ്കാരവും ജുമുഅയും ഉൾപ്പെടെയുള്ള ആരാധനകൾ നടത്തുന്നതിലുംവൃത്തിയോടെ അതിനെ പരിപാലിക്കുന്നതിലും മുസ്‌ലിംകൾ ഉപേക്ഷവരുത്തിയിട്ടില്ല. അത് ഇസ്രയേൽ ഗവൺമെന്റിന്റെ ഔദാര്യം കൊണ്ടല്ല; അക്സയിലെ പ്രാർഥന മുടക്കിയാൽ ഒരൊറ്റ ജൂതനും പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ ഇസ്രയേലിലും വെസ്റ്റ്ബാങ്കിലും ഗസ്സയിലും കലാപം പൊട്ടിപ്പുറപ്പെടുമെന്ന് ഭയപ്പെട്ടിട്ടാണ്.

ആ ചെറുത്തുനിൽപ്പ് അവിടെ അനിവാര്യമാണ്. വെടിയുണ്ടനിറച്ച യന്ത്രത്തോക്കും ചൂണ്ടിനിൽക്കുന്ന ഇസ്രയേൽ പോലീസിനോടും സൈന്യത്തോടും ഫലസ്തീൻ സ്ത്രീകളും കുട്ടികളും പോലും എത്ര ധീരമായാണ് തർക്കിക്കുന്നത് എന്ന് കണ്ടാൽ അത്ഭുതം തോന്നും.

അതേസമയം ജൂതന്മാർക്ക് അവരെ ഭയമാണ്. എന്നാൽ എല്ലാ ജൂതന്മാരും മുസ്‌ലിംകളുടെ ശത്രുക്കളുമല്ല. മുസ്‌ലിംകളോട് അനുഭാവമുള്ളവരും അവരെ സഹായിക്കുന്നവരുമായ ജൂതന്മാരും അധിനിവേശത്തിനെതിരെ പ്രതിഷേധം നടത്തുന്ന ജൂതസംഘടനകളും ഇസ്രയേലിലുണ്ട്.

ഗൾഫ് രാഷ്ട്രങ്ങളിൽ ജോലിചെയ്ത് തിരിച്ചുവന്ന മലയാളികൾ ഫലസ്തീനികളെ സംബന്ധിച്ച് മോശം അഭിപ്രായം പറയാറുണ്ട്. എപ്പോഴും വീടിനകത്ത് വഴക്കും മർദനവും അനുഭവിച്ച് നാടുവിട്ട് പോകേണ്ടിവന്ന കുട്ടിയും വീട്ടിൽ എല്ലാവിധ സൗകര്യങ്ങളും സ്വാതന്ത്ര്യവും അനുഭവിച്ച് ജീവിക്കുന്ന കുട്ടിയും സ്വഭാവത്തിൽ വ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്, എന്ന് അവരെ കുറ്റപ്പെടുത്തുന്ന പ്രവാസി മലയാളികൾ മനസ്സിലാക്കേണ്ടതുണ്ട്. അവിടുത്തെ അവസ്ഥയാണ് കേരളത്തിലെങ്കിൽ ഇത്ര ധീരമായി ചെറുത്ത് നിൽക്കാൻ നമുക്ക് കഴിയുമോ?

> **1967ൽ ഇസ്രയേൽ മസ്ജിദുൽ അക്സ കോമ്പൗണ്ട് ഉൾപ്പെടുന്ന ജറുസലേം നഗരം പിടിച്ചടക്കിയിട്ടും മസ്ജിദുൽ അക്സയിൽ അഞ്ചുനേരത്തെ ജമാഅത്ത് നമസ്കാരവും ജുമുഅയും ഉൾപ്പെടെയുള്ള ആരാധനകൾ നടത്തുന്നതിലും വൃത്തിയോടെ അതിനെ പരിപാലിക്കുന്നതിലും മുസ്‌ലിംകൾ ഉപേക്ഷവരുത്തിയിട്ടില്ല. അത് ഇസ്രയേൽ ഗവൺമെന്റിന്റെ ഔദാര്യം കൊണ്ടല്ല; അക്സയിലെ പ്രാർഥന മുടക്കിയാൽ ഒരൊറ്റ ജൂതനും പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ ഇസ്രയേലിലും വെസ്റ്റ്ബാങ്കിലും ഗസ്സയിലും കലാപം പൊട്ടിപ്പുറപ്പെടുമെന്ന് ഭയപ്പെന്നിട്ടാണ്.**

ഒരിക്കൽ ഞങ്ങൾ ഫലസ്തീനിൽ പോയ സമയത്ത് ഒരു ടാക്സിയിൽ വിലപിടിച്ച ക്യാമറ മറന്നുവെച്ചു. ടാക്സി ഡ്രൈവർ ഞങ്ങളെ തിരഞ്ഞുപിടിച്ച് ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ ക്യാമറ സുരക്ഷിതമായി എത്തിച്ച് തന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് മസ്ജിദുൽ അക്സയിൽ ജുമുഅ കഴിഞ്ഞ് പുറത്ത് വന്നപ്പോൾ ഞാൻ ഞങ്ങളുടെ യാത്രാസംഘത്തിൽനിന്ന് വേർപ്പെട്ടു പോയി.

അപ്പോൾ ഞാൻ ഒരു ഫലസ്തീനിയോട് നിന്റെ മൊബൈൽ ഒന്ന് തരുമോ, എന്റെ സുഹൃത്തുക്കളെ ഒന്ന് വിളിക്കാനാണ് എന്നും വിളിക്കുന്നതിനുള്ള പൈസ തരാം എന്നും പറഞ്ഞപ്പോൾ അവൻ മൊബൈൽ തന്നു. എന്നിട്ട് അവൻ പറഞ്ഞു: "ഇന്ത്യൻ മുസ്ലിം എന്തിനാണ് ഫലസ്തീൻ മുസ്ലിമിന് പൈസ തരുന്നത്? ഞാൻ സൗജന്യമായി തരാം." ഓരോ കാളിനും പൈസ നഷ്ടപ്പെടുന്ന കാലമായിരുന്നിട്ട് പോലും...!

ഒരിക്കൽ ഞങ്ങളുടെ സംഘത്തിലെ ഒരു വൃദ്ധന് നെഞ്ചുവേദന അനുഭവപ്പെട്ടു. ഹെബ്രോണിലെ ഒരു ഹോസ്പിറ്റലിൽ അദ്ദേഹത്തെ അഡ്മിറ്റ് ചെയ്തു. ഞാനായിരുന്നു ഡോക്ടറുടെയും രോഗിയുടെയും ഇടയിലെ പരിഭാഷകൻ. ഇന്ത്യൻ മുസ്ലിം സംഘത്തിലെ ഒരാൾ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു എന്നറിഞ്ഞപ്പോൾ നാട്ടുകാർ ഞങ്ങൾക്ക് തൊട്ടടുത്ത വീട്ടിൽനിന്ന് ഭക്ഷണം ഉണ്ടാക്കിത്തരാനും സൗകര്യങ്ങൾ ഒരുക്കിത്തരാനും സമാധാനിപ്പിക്കാനും ഉറക്കമൊഴിച്ച് മത്സരിക്കുകയായിരുന്നു.

അവരാകട്ടെ നല്ല സാമ്പത്തിക പ്രയാസമുള്ളവരുമാണ്. എന്നിട്ടും ടിപ്സ് കൊടുത്തപ്പോൾ സ്നേഹത്തോടെ അത് നിരസിച്ചു. ഇന്ത്യൻ മുസ്ലിം സഹോദരനെ സഹായിക്കുന്നത് ഞങ്ങളുടെ കടമ മാത്രമാണ്, നിങ്ങളുടെ പ്രാർഥന മതി എന്ന് പറഞ്ഞാണ് അവർ ഞങ്ങളെ യാത്രയാക്കിയത്.

ഇബ്റാഹീം നബിﷺ നിർമിച്ചതും പിന്നീട് വിപുലീകരിക്കപ്പെട്ടതുമായ ഹെബ്രോണിലെ മസ്ജിദുൽ ഖലീലിൽ ഒരിക്കൽ ഔദ്യോഗിക ജമാഅത്തിന് അവർ എന്നെയാണ് ഇമാമായി നിർത്തിയത്. ബെത്ലഹേമിലും ഇതേ അനുഭവം എനിക്കുണ്ടായിട്ടുണ്ട്. യാതൊരു മുൻപരിചയവുമില്ലാത്ത ഒരു വിദേശിയെ ഇമാമാക്കി നിർത്താൻ അവർ തയ്യാറായി!

ഇസ്രയേൽ പോലീസിന് മുന്നിൽ അവർ കാണിക്കുന്ന ധീരത പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരു ഫലസ്തീനിയുടെ കാർ ചെക്ക് ചെയ്യാൻ വേണ്ടി ഒരു ജൂതപോലീസ് വന്നാൽ അവർ കാർ നിർത്തിയിട്ട് പോലീസിന്റെ മുന്നിൽ വെച്ച് തന്നെ സിഗരറ്റ് കത്തിക്കും. നിന്നെ ഞാൻ ഒരു നിലയ്ക്കും ബഹുമാനിക്കുന്നില്ല എന്ന് അവരെ കാണിക്കുകയാണ് അതിന്റെ ഉദ്ദേശം.

ഒരു വെള്ളിയാഴ്ച പുരാതന ജറുസലേം ചുറ്റുമതിലിനുള്ളിൽനിന്ന് അക്സ കോമ്പൗണ്ടിലേക്ക് പ്രവേശിക്കുന്ന ഞങ്ങളെ ചോദ്യം ചെയ്യാൻ ജൂതപോലീസ് വന്നപ്പോൾ അവനെ പരിഗണിക്കേണ്ട ഇങ്ങോട്ട് വരൂ എന്ന് പറഞ്ഞ് ഒരു ഫലസ്തീനി ഞങ്ങളുടെ കൈ പിടിച്ചുവലിച്ച് അകത്തേക്ക് കൊണ്ടുപോയി.

വൈകുന്നേരമായാൽ ഒരു ഭാഗത്ത് സർവസജ്ജരായി നിൽക്കുന്ന ആയുധധാരികളായ ഇസ്രയേൽ പോലീസും മറുഭാഗത്ത് ഫലസ്തീൻ പോലീസും നിൽക്കും. ഭീതിനിറഞ്ഞ അവസ്ഥയാണ് അവിടുത്തെ കാഴ്ച. എന്നിട്ടും അതിനിടയിലൂടെ നിർഭയരായി ഉല്ലസിച്ച് ഓടിക്കളിക്കുന്ന ഫലസ്തീൻ കുട്ടികളെ നമുക്ക് കാണാൻ കഴിയും.

നമുക്ക് ഫലസ്തീനിലേക്ക് പ്രവേശിക്കണമെങ്കിൽ ജൂത എമിഗ്രേഷൻ ഓഫീസിലെ പരിശോധന കഴിയണം. അതിനുവേണ്ടി ഞങ്ങൾ ക്യൂ നിൽക്കുമ്പോൾ ഒരു ഫലസ്തീനി യാത്രക്കാരൻ പരിശോധനയിൽ പ്രതിഷേധിച്ച് കുതറിമാറുകയും ശബ്ദിക്കുകയും ചെയ്തു. ഉടനെത്തന്നെ ഓഫീസിലെ ജൂത ഉദ്യോഗസ്ഥർ തന്റെ സീറ്റിൽനിന്ന് എഴുന്നേറ്റ് ഓടി സ്ക്രീനിന്റെയും വാതിലിന്റെയും പിന്നിൽ ഒളിക്കുകയായിരുന്നു. ഫലസ്തീനിയെ മറ്റുള്ള പോലീസുകാർ ഒതുക്കിയ ശേഷമാണ് ഉദ്യോഗസ്ഥർ സീറ്റിലേക്ക് തിരിച്ചുവന്നത്.

അൻപത് വയസ്സിനു മുകളിലുള്ളവർക്കേ ഫലസ്തീനിന്റെ വെസ്റ്റ് ബാങ്കിൽനിന്ന് അക്സയിലേക്ക് വരാൻ അനുമതിയുള്ളൂ. ഇന്ത്യക്കാർക്ക് വിസയുള്ളതിനാൽ ഫലസ്തീനിലും ഇസ്രയേലിലും പോകാം. ബത്ലഹേമിൽനിന്ന് ഏഴ് കിലോമീറ്റർ വഴിദൂരമെ ജറുസലേമിലേക്കുള്ളൂ. എന്നാൽ അതിനിടക്ക് ഇസ്രയേൽ ഗവൺമെന്റ് 2004ൽ ഉണ്ടാക്കിയ ഒരു മതിലുണ്ട്.(ജർമനിയിലെ പഴയ ബർലിൻ മതിൽ പോലെ!).

ബത്ലഹേമിലെ മസ്ജിദു ഉമറിലെ ഇമാം തനിക്ക് ഇനി പതിനഞ്ച് വർഷം കഴിഞ്ഞേ മസ്ജിദുൽ അക്സ കാണാൻ സാധിക്കുകയുള്ളൂ എന്ന് ദുഃഖത്തോടെ പറഞ്ഞത് ഓർത്തുപോകുകയാണ്.

ഇസ്രയേലിന്റെ തലസ്ഥാനമായ ടെൽ അവീവി നു സമീപത്തെ ജാഫയിലുള്ള 'മസ്ജിദുൽ മഹ്മൂദിയ്യ' ഉസ്മാനിയ ഭരണകാലത്ത് നിർമിച്ച ഒരു പള്ളിയാണ്.

ആ പള്ളി പൂട്ടിക്കാൻവേണ്ടി അതിന്റെ വിലപിടിച്ച വക്വ്ഫ് സ്വത്തുക്കളായ വാടകക്കെട്ടിടങ്ങൾ ഇസ്രയേൽ കൈവശപ്പെടുത്തി. എന്നിട്ടും ഇസ്രായേലിനകത്തെ മുസ്‌ലിംകൾ സംഭാവന പിരിച്ച് വൃത്തിയായി, പൂന്തോട്ടം വെച്ചുപിടിപ്പിച്ച് ആ പള്ളി പരിപാലിക്കുന്നു. ചിട്ടയായി നമസ്കാരവും ജുമുഅയും നടത്തുന്നു. ഇപ്പോൾ തുർക്കി സാമ്പത്തികമായി ആ പള്ളിക്കമ്മിറ്റിക്ക് സംഭാവന നൽകുന്നുണ്ട്.

മസ്ജിദുൽ അക്വ്സയുടെ ചുറ്റുമതിലിന്റെ പുറംഭാഗമാണ് ജൂതന്മാരുടെ ആരാധനസ്ഥലമായ വെയ്‌ലിങ് വാൾ അഥവാ വിലാപ മതിൽ. ഒരിക്കൽ അത് സന്ദർശിക്കാൻ വേണ്ടി പോയ സമയത്ത് മകൻ സജ്ജാദും കൂടെയുണ്ടായിരുന്നു. അതിലേക്കുള്ള പ്രവേശനകവാടത്തിന്റെ അടുക്കൽ കറുത്ത ഗൗണും തലയിലൊരു കുഞ്ഞുജൂതത്തൊപ്പിയും അണിഞ്ഞ് ഒരു യഹൂദ റബ്ബി ഇരിക്കുന്നുണ്ടാകും. അദ്ദേഹം ഒരു വേദപണ്ഡിതനാണ്. യഹൂദ മതവുമായി ബന്ധപ്പെട്ട് നമുക്കെന്തെങ്കിലും സംശയങ്ങളും മറ്റും വന്നാൽ അദ്ദേഹം അത് നിവാരണം ചെയ്തുതരും.



ബൈബിളിലെ പഴയ നിയമത്തിലെ ഉത്തമഗീതത്തിലെ ഒരു വചനവുമായി ബന്ധപ്പെട്ട് മകൻ സജ്ജാദിന് ഒരു സംശയമുണ്ടായിരുന്നു. ഹീബ്രു ഭാഷയിലുള്ള ബൈബിളുമായി അവിടെ ഇരിക്കുന്ന യഹൂദ റബ്ബി അതിന് മറുപടി തരുമായിരിക്കും എന്ന് കരുതി അത് അയാളോട് ചോദിച്ചു. വചനം ഇപ്രകാരമാണ്:

“ഹിക്കൊ മമ്മിത്ത കിം, വി കുല്ലോ മൊഹമ്മദിം, സെഹദൂദേ വ സഹരായി ബൈന ജറൂസലേം.”

(അവന്റെ മൊഴികൾ അതിമധുരമാണ്. എല്ലാംകൊണ്ടും അഭികാമ്യനാണവൻ. ജറുസലേം പുത്രിമാരേ ഇതാണെന്റെ പ്രിയൻ, ഇതാണെന്റെ തോഴൻ (ഉത്തമഗീതം 5:16).

ഈ വചനം അന്ത്യപ്രവാചകൻ മുഹമ്മദ് നബിﷺയെക്കുറിച്ചുള്ള പരാമർശമാണ് എന്ന് അഹ്മദ് ദീദാത്തിനെപ്പോലുള്ള ചില പ്രബോധകൻമാർ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ ഹീബ്രുമൂലത്തിൽ 'മുഹമ്മദിം' എന്ന പ്രയോഗമുള്ളതുകൊണ്ട് അത് നബിയെക്കുറിച്ചാണ് എന്നാണ് അവർ പറയാറുള്ളത്. ഇതിന്റെ നിജസ്ഥിതി അറിയാൻ ഈ വചനം ഒന്ന് പാരായണം ചെയ്ത് കേൾപ്പിക്കാനും അതിനൊരു വിശദീകരണം തരാനും ആ റബ്ബിയോട് ആവശ്യപ്പെട്ടു.

ഒന്ന് ശങ്കിച്ചുനിന്ന ശേഷം ആ വചനം അദ്ദേഹം എടുത്ത് വായിച്ചു. അതിന്റെ അർഥം ഇംഗ്ലീഷിൽ പറയുകയും ചെയ്തു. ഞാൻ ചോദിച്ചു: “ആ 'മുഹമ്മദിം' എന്ന പ്രയോഗം മുഹമ്മദ് നബിയെക്കുറിച്ചല്ലേ?” 'അതൊരിക്കലും മുഹമ്മദ് നബിയെക്കുറിച്ചല്ല, മറിച്ച് അതിന് വേറെ ചില അർഥങ്ങളാണ് ഉള്ളത്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. എത്ര വിദഗ്ധമായിട്ടാണ് ആ ജൂതൻ സത്യത്തെ മറച്ചുവെക്കുന്നതെന്നും കോട്ടിമാറ്റിയതെന്നും അപ്പോൾ ഞങ്ങൾക്ക് മനസ്സിലായി.

അവരെക്കുറിച്ച് അല്ലാഹു പറഞ്ഞത് എത്ര ശരിയാണ്: “വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നി

ങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽനിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്'' (ക്വുർആൻ 3:78).

ഫലസ്തീനിനകത്ത് അവിടുത്തെ മുസ്‌ലിംകളും ക്രിസ്ത്യാനികളും സൗഹാർദത്തോടെയാണ് കഴിയുന്നത് എന്നത് ഏറെ സന്തോഷകരമായ ഒരു കാര്യമാണ്. ഇടയ്ക്കിടെ ചില ചർച്ചുകൾ ഇസ്രയേലിലും ഫലസ്തീനിലുമായി കാണാം. അതിന് കാരണം ജൂതസർക്കാർ ഇരുകൂട്ടരുടെയും ശത്രുവാണ് എന്നതാണ്. യേശുവിന്റെ ജന്മസ്ഥലമെന്ന് ക്രിസ്ത്യാനികൾ കരുതുന്ന സ്ഥലത്ത് നിർമിച്ച ചർച്ച് ഓഫ് നാറ്റിവിറ്റിയുടെ തൊട്ടുമുമ്പിലാണ് 'മസ്ജിദ് ഉമർ.'

ഇസ്രയേലിനകത്ത് ജൂതന്മാർക്ക് ഒന്നാം സ്ഥാനവും ക്രിസ്ത്യാനികൾക്ക് രണ്ടാം സ്ഥാനവും മുസ്‌ലിംകൾക്ക് മൂന്നാം സ്ഥാനവുമാണുള്ളത്.

ഗാസയുടെ മൂന്ന് ഭാഗത്തും ഇസ്രയേൽ ഉപരോധം സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ട് തന്നെ അവിടെയുള്ള 20 ലക്ഷത്തോളം വരുന്ന ജനങ്ങൾ കുടുങ്ങിനിൽക്കുകയാണ്. ഈജിപ്തിലേക്ക് അതിർത്തിക്കടിയിലൂടെ രഹസ്യ തുരങ്കങ്ങൾ നിർമിച്ച് അതിലൂടെയാണ് അവർ അത്യാവശ്യം വരുന്ന ജീവിതവിഭവങ്ങൾ വാങ്ങി നാട്ടിലെത്തിക്കുന്നത്!

ഖലീലുല്ലാഹി ഇബ്‌റാഹീം﵇ ഇറാഖിലെ ഊർ ഗ്രാമത്തിൽനിന്ന് പിതാവിന്റെയും നംറൂദ് രാജാവിന്റെയും പീഡനം അനുഭവിച്ച് തീക്കുഴിയിൽനിന്ന് രക്ഷപ്പെട്ട് ഹിജ്റ വന്നത് ഫലസ്തീനിലെ ഹെബ്രോൺ എന്ന സ്ഥലത്തേക്കാണ്. അവിടെത്തന്നെയാണ് മകൻ ഇസ്ഹാക്വ് നബി﵇യും പേരമകൻ യഅ്ക്വൂബ് നബി﵇യും യൂസുഫ് നബി﵇ ഉൾപ്പെടെയുള്ള, അദ്ദേഹത്തിന്റെ 12 മക്കളും ജനിച്ചുവളർന്നത്. പിന്നീട് യഅ്ക്വൂബ് നബി﵇യും ഭാര്യയും മക്കളും മന്ത്രിയായ യൂസുഫ് നബി﵇യുടെ ക്ഷണപ്രകാരം ഈജിപ്തിലേക്ക് പോവുകയാണ് ചെയ്തത്.

ഇബ്‌റാഹീം നബി﵇ നിർമിച്ച പള്ളി പിന്നീട് തകർന്നുപോയി. ഏറ്റവും അവസാനം ആ പള്ളി പുതുക്കിപ്പണിതത് മംലൂക്കി ഭരണകൂടമാണ്.

ആ പള്ളിയിൽ 1994 ഫെബ്രുവരി 25ന് റമദാനിൽ സ്വുബ്ഹി നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്ന നിരപരാധികളായ ഫലസ്തീനികളെ ഗോൾഡ് സ്റ്റെെൻ എന്ന ജൂതഭീകരൻ യന്ത്രത്തോക്കുപയോഗിച്ച് തുരുതുരാ വെടിവെച്ചുകൊന്നു. 29 പേർ പള്ളിയിൽ വെച്ചുതന്നെ രക്തസാക്ഷികളായി. 125 പേർക്ക് പരിക്കേറ്റു. രക്ഷപ്പെട്ടവർ കൊലയാളിയെ വധിച്ചു.

അതിനുശേഷം ആ പള്ളിയുടെ പകുതി ഭാഗം ഇസ്രയേൽ സ്ക്രീൻ വെച്ച് വേർതിരിച്ച് ജൂത സെക്ഷനാക്കി മാറ്റി. അവരുടെ ഭാഗത്ത് അവർ ശനിയാഴ്ചയിലെ ശാബത്ത് ദിനവും മറ്റു ദിവസങ്ങളിലെ ആരാധനകളും നടത്തുന്നു. മാത്രമല്ല മുസ്‌ലിം സെക്ഷനിലേക്ക് യുവാക്കൾ വരുന്നത് തടയുകയും ചെയ്യുന്നു. മുസ്‌ലിംകൾക്ക് ജൂത പോലീസിന്റെ ചെക്കിങ് കഴിഞ്ഞേ പള്ളിയിലേക്ക് പ്രവേശനമുള്ളൂ.

'മസ്ജിദുൽ ഖലീൽ' എന്ന് മുസ്‌ലിംകൾ പേരിട്ടിരിക്കുന്ന ആ പള്ളിയുടെ പരിസരത്തെ മുസ്‌ലിം കടകളെല്ലാം അവർ ശനിയാഴ്ച ദിവസവും അവരുടെ ആരാധനാദിവസങ്ങളിലും അടപ്പിക്കും. ഗസ്സ കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ ജൂതരാലുള്ള പീഡനം നടക്കുന്നത് ഇവിടെയാണ്. വിപുലീകരിച്ചപ്പോൾ പള്ളിക്കടിയിൽ ഉൾപ്പെട്ട മഖ്ഫില എന്ന ഗുഹയിലാണ് ഇബ്‌റാഹീം﵇, ഭാര്യ സാറ, ഇസ്ഹാക്വ് നബി﵇, ഭാര്യ റഫ്ഖ എന്നിവരുടെ ക്വബ്റുകൾ ഉള്ളത്. ഫലസ്തീനികൾക്കിടയിൽ ചില പുത്തനാചാരങ്ങളുണ്ടെങ്കിലും അവർ അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർഥിക്കുന്നവരാണ്.

ഫലസ്തീൻ ജനത ഇപ്പോൾ വലിയൊരു യുദ്ധമുഖത്താണുള്ളത്. ഇസ്രയേൽ പോലീസ് അനാവശ്യമായി പ്രകോപനമുണ്ടാക്കി അക്രമത്തിന് തുടക്കംകുറിക്കുകയായിരുന്നു. ഇപ്പോൾ അത് കാട്ടുതീയായി ആളിപ്പടർന്നിരിക്കുന്നു. ഫലസ്തീനികളായ കുട്ടികളും സ്ത്രീകളും അടക്കമുള്ള സാധാരണക്കാർ ഇസ്രയേൽ സൈന്യത്തിന്റെ വെടിയുണ്ടയേറ്റും ബോംബിംഗിലും മരിച്ചുവീഴുകയാണ്. പിറന്ന നാടിന്റെ സ്വാതന്ത്ര്യമാണ് അവർ ചോദിക്കുന്നത്. അതിനാണ് അവർ പോരാടിക്കൊണ്ടിരിക്കുന്നത്.

ഇത്തരം സന്ദർഭങ്ങളിൽ നമുക്ക് ചെയ്യാനാവുന്നത് അവർക്ക് വേണ്ടി ആത്മാർഥമായി പ്രാർഥിക്കുക എന്നതാണ്. ഫലസ്തീനികളുടെ വേദന മനസ്സിലാക്കി, അവരുടെ സമാധാന ജീവിതത്തിന് വേണ്ടിയുള്ള പ്രാർഥന.

നൗഫൽ മദീനി
dawaazeezia@gmail.com

ലേഖനം




# സുഊദി സിലബസിലെ രാമായണവും മഹാഭാരതവും: ആരോപണത്തിന്റെ നിജസ്ഥിതിയെന്ത്?

ഇന്ത്യയിലെ രാമായണവും മഹാഭാരതവും സുഊദിയിലെ സ്‌കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ പോവുകയാണെന്ന വാർത്ത കാണാനിടയായി. അങ്ങനെയൊരു തീരുമാനം അവരെടുത്തിട്ടുണ്ടെങ്കിൽ അത് അവരുടെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. എന്നാൽ അത് ഔദ്യോഗികമായി അറിയിക്കേണ്ടത് അവർ തന്നെയാണ്. പലരും വാർത്തയുടെ ലിങ്കുകൾ അയച്ചുതരാൻ തുടങ്ങി. അതിലൊന്നും പക്ഷെ, വാർത്തയുടെ ഉറവിടം കാണാൻ കഴിഞ്ഞില്ല. അതോടെ ഈ വാർത്തയുടെ വിശ്വാസ്യതയിൽ സംശയം തോന്നി. ചില സ്ഥാപിത താൽപര്യക്കാരുടെ കരങ്ങൾ ഇതിനു പിന്നിലുണ്ടോ എന്ന സംശയം ഉടലെടുത്തു. എന്നിട്ടും, സുഊദി അറേബ്യയുടെ പേരിൽ നിരവധി വ്യാജവാർത്തകൾ നിരന്തരമായി വന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതും അതിൽപെട്ടതാണെന്ന് കരുതി അവഗണിച്ചു. വീണ്ടും വീണ്ടും ഈ പ്രചാരണം സോഷ്യൽ മീഡിയയിൽ കണ്ടപ്പോൾ ഇതിന്റെ പിന്നിലെ യഥാർഥ്യം അറിയുവാൻ ഒരു ശ്രമം നടത്തി.

സുഊദിയിലെ ഒന്നുരണ്ട് പ്രമുഖ വ്യക്തികളുമായി ഈ വിഷയത്തെപ്പറ്റി സംസാരിച്ചു. അവർ രണ്ടുപേരും ഒരേ സ്വരത്തിൽ; ഇത് കളവാണ്, സുഊദിക്കെതിരെ ആളുകൾ പടച്ചുവിടുന്നതാണെന്ന് പറഞ്ഞു. മദീനയിൽനിന്നുള്ള ഒരു ശൈഖ് പറഞ്ഞത് ഇത്തരം കള്ളവാർത്തകൾ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ ബോധപൂർവം കെട്ടിച്ചമച്ചുണ്ടാക്കുന്നവയാണ് എന്നാണ്.

സുഊദി എംബസിയിലെ ഉദ്യോഗസ്ഥനായ ഒരു ശൈഖ് പറഞ്ഞത്, ഈ കള്ളപ്രചാരണം ഒരു സ്ത്രീയുടെ ടിറ്ററിലെ കുറിപ്പിൽനിന്ന് ഉണ്ടായതാണ് എന്നാണ്. സുഊദിയിലെ വിദ്യാഭ്യാസ വകുപ്പോ മറ്റു ഉത്തരവാദപ്പെട്ടവരോ അറിയാത്ത കാര്യമാണിതെന്നും അദ്ദേഹം പറഞ്ഞു.

അപ്പോൾ ഇതിന്റെ ഉറവിടം കണ്ടെത്താൻ തീരുമാനിച്ചു നെറ്റിലും സോഷ്യൽ മീഡിയയിലും പരതി. അവസാനം അത് കണ്ടെത്തി. അതിന്റെ സ്ക്രീൻ ഷോട്ട് ഇവിടെ കൊടുക്കുന്നു:


Nouf Almarwaai نوف المروعي
@NoufMarwaai

Saudi Arabia's new #vision2030 & curriculum will help to create coexistent,moderate & tolerant generation. Screenshots of my sons school exam today in Social Studies included concepts & history of Hinduism,Buddhism,Ramayana, Karma, Mahabharata &Dharma. I enjoyed helping him study

Q15. A group that defines one's occupation and social position is called "jati"
True
False

Q 16. Left behind his life of wealth and luxury to find out the true nature of human existence is ( Siddhartha Gautama)
True
False

Q 9. In Hinduism, a person's moral duty, based on class distinctions, which guides his or her life
Karma
Dharma

Q.22 The first to propose the idea of an Islamic state in South Asia is -----------
Mohammad Iqbal
Qamaruddin Khan
Muhammad bin Qasim

നൗഫ് അൽമർവഈ എന്ന സ്ത്രീയുടെതാണ് ട്വീറ്റ്. ഇതിൽ അവർ പറയുന്നത് ഇങ്ങനെയാണ്: "സുഊദി അറേബ്യയുടെ 'വിഷൻ 2030'ഉം പാഠ്യ പദ്ധതിയും സഹവർത്തിത്വവും മിതത്വവും സഹിഷ്ണുതയുമുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ സഹായിക്കും. എന്റെ മകന്റെ സ്കൂളിലെ ചരിത്രത്തിന്റെ പരീക്ഷയുടെ സ്ക്രീൻഷോട്ടുകളാണിത്. അതിൽ ഹിന്ദുയിസം, ബുദ്ധിസം, രാമായണം, കർമ, മഹാഭാരതം, ധർമം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. അവന്റെ പഠനത്തിൽ സഹായിക്കുന്നത് ഞാൻ ആസ്വദിക്കുന്നു."

ഇതാണ് ഒരു രാജ്യത്തിന്റെ പാഠ്യപദ്ധതിയിലെ മാറ്റത്തിന് തെളിവായി മീഡിയകളും സുഊദിയുടെ ശത്രുക്കളും ചൂണ്ടിക്കാണിക്കുന്നത്. കൂടെ നടക്കുന്നവരോട് പോലും ഇതിൽ പറഞ്ഞ മൂല്യങ്ങളൊന്നും കാണിക്കാത്തവരാണ് ഇത് പ്രചരിപ്പിക്കുന്നത് എന്നതാണ് ഇതിലെ ഏറ്റവും വലിയ വൈരുധ്യം.

ഇതിനെക്കുറിച്ച് നമ്മുടെ നാട്ടിലെ സോഷ്യൽ മീഡിയ മാത്രമല്ല ചില മുൻനിര മാധ്യമങ്ങൾ വരെ പ്രചരിപ്പിക്കുന്നത് അങ്ങേയറ്റം തെറ്റുധാരണാജനകവും ദുരുപധിഷ്ഠിതവുമായ വാർത്തകളാണ്.

നൗഫ് അൽ മർവഈ തന്റെ ട്വീറ്റ് വിവരദോഷികൾ ഇങ്ങനെ പ്രചരിപ്പിക്കുമെന്ന് വിചാരിച്ചിരുന്നില്ല. ട്വിറ്ററിലെ അവരുടെ പ്രൊഫൈലിൽ അവർ സുഊദിയിലെ ആദ്യത്തെ യോഗാചാര്യ ആണെന്നും പത്മശ്രീ അവാർഡ് ജേതാവാണെന്നും പറയുന്നുണ്ട്. ഇങ്ങനെയുള്ള ഒരു സ്ത്രീയുടെ ട്വിറ്റർ പോസ്റ്റിനെ ഒരു രാജ്യത്തിന്റെ നിലപാടാക്കി പ്രദർശിപ്പിക്കുന്നതിനു പിന്നിലെ ദുരുദ്ദേശ്യം മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

ഏതായാലും ഈ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് ട്വിറ്ററിലൂടെ അവരുമായി സംസാരിച്ചു. അതിൽ ഈ പ്രചരിപ്പിക്കപ്പെടുന്നതിനെ അവർ നിഷേധിക്കുകയും അത് ശരിയായ വാർത്തയല്ലെന്ന് അറിയിക്കുകയും ചെയ്തു. മീഡിയകളും മറ്റും അനുവാദമില്ലാതെ ട്വീറ്റുകൾ ഉപയോഗിക്കുന്നത് കൊണ്ട് അവരുടെ ട്വിറ്റർ ലോക്ക് ചെയ്തിരിക്കുകയാണെന്നും ഞാൻ ട്വീറ്റ് ചെയ്തവയും മറുപടികളും അയച്ച് തരാമെന്ന് പറയുകയും അവർ അത് അയച്ചുതരികയും ചെയ്തു. അതിൽനിന്ന് വ്യക്തമാകുന്നത് ഇതാണ്:


Nouf Almarwaai ...نوف المروع · 3d
My tweet about my sons exam went viral due to the Indian media reports. Let me clarify this, The school is a saudi well known INTERNATIONAL School for saudi & arabic speakers,the curriculum is approved by the MOE. Its NOT A NATIONAL Saudi Ministry's curriculum. I never said that.
5 196

Nouf Almarwaai ...نوف المروع · 3d
I mentioned Vision 2030 because it is something everyone & sector was ordered to follow, many changes took place since the vision,which is more inclusive, international and supports wider education version. I was not contacted by any media before it was published by them.
5 100

അവരുടെ മകൻ പഠിക്കുന്നത് സുഊദി നാഷണൽ കരിക്കുലത്തിന് കീഴിലുള്ള സ്കൂളിലല്ല, മറിച്ച് സുഊദിയിലെ ഒരു ഇന്റർനാഷണൽ സ്കൂളിലാണ്. സുഊദിയിൽ വിവിധ അന്താരാഷ്ട്ര സ്കൂളുകൾ ഉണ്ട്. എംബസി സ്കൂളുകളുമുണ്ട്. അവയുടെ കരിക്കുലത്തിൽ പലതും പഠിപ്പിക്കുന്നുമുണ്ട്. അത് പോലുള്ള ഒരു സ്കൂളിലുള്ള കാര്യമാണ് അവർ പറഞ്ഞത്.

അവരുടെ ട്വിറ്ററിൽ പ്രതികരണവുമായി സുഊദി വനിതകൾ അടക്കമുള്ളവർ വന്നിട്ടുണ്ട്. വിഷൻ 2030 എന്ന ഹാഷ്ടാഗ് എന്തിന് ഉപയോഗിച്ചു എന്നും അവർ ചോദിക്കുന്നുണ്ട്. സുഊദി സ്കൂളുകളിൽ ഇതൊക്കെ പഠിപ്പിക്കപ്പെടും എന്ന് തെറ്റിദ്ധരിപ്പി

ച്ചതെന്തിനാണെന്നും അവർ ചോദിക്കുന്നു. അതിനുള്ള മറുപടിയായി നൗഫ് അൽമർവഈ പറഞ്ഞത് ഇപ്രകാരമാണ്: 'ഹിന്ദുമതം പഠിപ്പിക്കുന്നു എന്ന് ഞാൻ പറഞ്ഞില്ല, മറിച്ച് നാഗരികതയും ഇന്ത്യൻ ചരിത്രവും പഠിപ്പിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. രാമായണവും മഹാഭാരതവും സാംസ്കാരികവും ചരിത്രപരവുമായ യുദ്ധങ്ങളെ കുറിച്ചുള്ളവയാണ്...'

രാമായണവും മഹാഭാരതവും മതഗ്രന്ഥമല്ല എന്ന് പറഞ്ഞതിനെ ഞാൻ തിരുത്തിക്കൊടുത്തിട്ടുണ്ട്. മതഗ്രന്ഥമായി പ്രചരിപ്പിക്കപ്പെടുന്നത് തന്നെയാണ് അവ എന്ന് അവരെ ബോധ്യപ്പെടുത്തിയിട്ടുമുണ്ട്.




സുഊദിയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക പ്രചാരണങ്ങളുടെയും യാഥാർഥ്യങ്ങൾ ഇങ്ങനെയൊക്കെയാണ്. ശരിയായ ഉറവിടങ്ങളിലൂടെയല്ലാതെയുള്ള വാർത്തകൾ വലിയരൂപത്തിൽ പടച്ചുവിടപ്പെട്ടുകൊണ്ടിരിക്കുന്നു. വാർത്താദാരിദ്ര്യം നേരിടുന്ന മീഡിയകൾ ഇവ ഏറ്റുപിടിക്കുകയും ചെയ്യുന്നു.

സഹവർത്തിത്വവും മിതത്വവും സഹിഷ്ണുതയും പോലെയുള്ള മൂല്യങ്ങൾ ഇന്ത്യയിലെ ആളുകൾക്ക് ആദ്യം പകർന്നുനൽകാൻ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവരോട് അപേക്ഷിക്കുന്നു. ഇന്ത്യയിൽ അവയൊന്നും പാലിക്കപ്പെടാതെ മറ്റു രാജ്യങ്ങളിലേക്ക് അവ എന്തിന് കയറ്റുമതി ചെയ്യണം?

അവിടെയുള്ളവർക്ക് സഹിഷ്ണുതയും സഹവർത്തിത്വവുമൊക്കെയുള്ളതുകൊണ്ടല്ലേ നമ്മളിവിടെ മഹാമാരികൊണ്ട് പ്രയാസപ്പെടുമ്പോൾ നമ്മൾ ആവശ്യപ്പെടാതെ തന്നെ നമുക്ക് വേണ്ട സഹായങ്ങൾ അവർ അയച്ചുതരാൻ സന്നദ്ധത കാണിച്ചത്? എന്നിട്ട് നാം ചെയ്തതോ? അവർ അയച്ചുതന്നതിന്റെ മേൽ നമ്മുടെ നാട്ടിലെ കോർപ്പറേറ്റ് കമ്പനിയുടെ മേൽവിലാസമൊട്ടിച്ച് സ്വന്തം സഹായമാണെന്ന് വരുത്തിത്തീർക്കലും! ഈ ചതി അറിഞ്ഞിട്ടും അവർ സഹായം നൽകുന്നതിൽനിന്ന് പുറകോട്ട് പോയിട്ടില്ല എന്നത് അവരുടെ സഹിഷ്ണുതയുടെ ആഴവും പരപ്പും ബോധ്യപ്പെടുത്തുന്നു. ഇത്തരം മൂല്യങ്ങളെല്ലാം അവിടുന്ന് ഇങ്ങോട്ട് കയറ്റുമതി ചെയ്യുകയല്ലേ വേണ്ടത്?

അപ്പോൾ, ഇതാണ് ഈ വ്യാജപ്രചാരണത്തിന്റെ യാഥാർഥ്യം. ഈ വിഷയത്തിൽ ആൾട്ട്ന്യൂസിന് അവർ നൽകിയ പ്രതികരണത്തിന്റെ പരിഭാഷ കൂടി ഇവിടെ നൽകുന്നു. വ്യാജപ്രചാരകർക്ക് മറുപടി നൽകാൻ അവർ തന്നെ അയച്ചുതന്നതാണ്:

"ഇന്ത്യൻ ഉപഭൂഖണ്ഡവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്റെ മകനെ പഠിപ്പിക്കുന്നത് ഞാൻ ആസ്വദിച്ചുവെന്ന് ഞാൻ പങ്കുവെച്ചു. എന്റെ മകൻ ഒരു സ്വകാര്യസ്കൂളിൽ പഠിക്കുന്നു, അതിന്റെ പാഠ്യപദ്ധതി വിദ്യാഭ്യാസ മന്ത്രാലയം അംഗീകരിച്ചതാണ്. രാമായണവും മഹാഭാരതവും എന്റെ മകന്റെ സ്കൂളിൽ പഠിപ്പിക്കുന്നില്ലെന്ന് എനിക്ക് സ്ഥിരീകരിക്കാൻ കഴിയും. ദക്ഷിണേഷ്യൻ ആർട്ട് വിഭാഗത്തിന്റെ സാഹിത്യ ഉപശീർഷകത്തിന് കീഴിൽ ഇത് ഇന്ത്യയുടെ ചരിത്ര ഇതിഹാസകാവ്യമായി പരാമർശിക്കപ്പെട്ടു എന്ന് മാത്രമേയുള്ളു' എന്ന് അവർ പറഞ്ഞു.

'സ്ക്രീൻഷോട്ടുകൾ പത്താം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മകന്റെ' ശൂന്യത പൂരിപ്പിക്കുക (Fill in the blanks) ടെസ്റ്റിന്റെതാണ്. അതിൽ പരീക്ഷിക്കപ്പെട്ട വിഷയം സാമൂഹിക പഠനവും (Social studies) ലോക ഭൂമിശാസ്ത്രവുമാണ് (World Geography), അവർ കൂട്ടിച്ചേർത്തു.

'സുഊദി അറേബ്യയുടെ വിഷൻ 2030മായി ബന്ധപ്പെട്ട തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നിരവധി മാധ്യമങ്ങൾ എന്റെ ട്വീറ്റ് ഉപയോഗിച്ചതായി ശ്രദ്ധയിൽ പെട്ടു. യോഗയോടുള്ള എന്റെ അഭിനിവേശം ഇന്ത്യയിൽ നല്ല സ്വീകാര്യത നേടിയതിൽ ഞാൻ സന്തുഷ്ടയാണ്, പക്ഷേ, കാര്യങ്ങൾ വ്യക്തമാക്കാൻ എന്റെ അഭിപ്രായങ്ങൾക്കായി ഒരു മാധ്യമവും എന്നെ സമീപിച്ചില്ല. മുന്നോട്ടുപോകുമ്പോൾ, എന്റെ പ്രസ്താവന സന്ദർഭോചിതമല്ലാതെ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് എന്നെ ബന്ധപ്പെടാൻ അവരോട് അഭ്യർഥിക്കുന്നു' എന്നും മാർവായ് ആൾട്ട് ന്യൂസിനോട് പറഞ്ഞു.

എന്നാൽ ഇന്ത്യയിലെ മാധ്യമങ്ങൾ സുഊദി അറേബ്യൻ സ്കൂളുകളിൽ രാമായണവും മഹാഭാരതവും പഠിപ്പിക്കുന്നുവെന്ന് തെറ്റായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയാണുണ്ടായത്.

ലേഖനം

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

സുരക്ഷിത സമൂഹത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ 4



നിർഭയജീവിതം, സുരക്ഷിത സമൂഹം

# നീതിയുടെ മതം

തൊഴിലിന്റെയും കൃഷിചെയ്യുന്നതിന്റെയും മഹത്ത്വവും ഇസ്‌ലാം അതിനു നൽകുന്ന പ്രാധാന്യവും കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. ദാരിദ്ര്യത്തിൽനിന്നും രക്ഷ ലഭിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും അതുവഴി പട്ടിണിയിൽനിന്ന് നിർഭയത്വം ലഭിക്കാനും വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതും കാർഷികരംഗത്ത് സജീവമാകുന്നതും എത്രമാത്രം ഉപകാരപ്രദമാണെന്ന് പറയേണ്ടതില്ല. അതുപോലെ തന്നെ ഇസ്‌ലാം അനുവദിച്ച ഒരു വരുമാന മാർഗമാണ് കച്ചവടം. കച്ചവടത്തെ അനുവദനീയമാക്കുന്നതിനോടൊപ്പം ഇസ്‌ലാം പലിശ നിരോധിക്കുകയും ചെയ്യുന്നു. രണ്ടും വരുമാനമാർഗംതന്നെ

യാണ്. എന്നാൽ കച്ചവടം പരസ്പരം തൃപ്തിപ്പെട്ടു നടത്തുന്ന ഇടപാടാണ്. അതിലൂടെ ലഭിക്കുന്ന ലാഭം ന്യായവും അനിവാര്യവുമാണ്. എന്നാൽ പലിശ എന്നത് തികച്ചും ചൂഷണമാണ്. സാധാരണക്കാരായ മിക്കവാറുമെല്ലാവരും പലിശക്ക് കടം വാങ്ങുന്നത് നിവൃത്തികേടുകൊണ്ടാണ്. മൂലധനത്തിന്റെ കൂടെ നിശ്ചിത ശതമാനം പലിശയും തിരിച്ചുകൊടുക്കുമ്പോൾ അത് തൃപ്തിയോടെയായിരിക്കില്ല. ഇല്ലാത്തവനെ പ്രയാസപ്പെടുത്തുവാനല്ല, അകമഴിഞ്ഞ് സഹായിക്കുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ പലിശയെ മഹാപാപമായിട്ടാണ് ഇസ്‌ലാം കണക്കാക്കുന്നത്. അത് നിഷിദ്ധമാണെന്ന് മനസ്സിലാക്കിയിട്ടും അതിൽ ഉറച്ചുനിൽക്കുന്നവർ നരകാവകാശികളാണ് എന്നാണ് അല്ലാഹു പറയുന്നത്:

“പലിശ തിന്നുന്നവർ പിശാചുബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത്തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും” (ക്വുർആൻ 2:275).

സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് പണം പലിശക്ക് കടംകൊടുക്കുകയല്ല; ദാനം നൽകി അവരെ സഹായിക്കുകയാണ് വേണ്ടത്. പലിശ വാങ്ങുന്നവൻ സ്രഷ്ടാവിനോട് നന്ദികേട് കാണിക്കുന്നവനും ദുർവൃത്തനുമാണ്:

“അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല”(ക്വുർആൻ 2:276).

പലിശയിടപാടിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസികളോട് അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും പലിശവകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തുനിന്ന് (നിങ്ങൾക്കെതിരിലുള്ള) സമരപ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കുതന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്. ഇനി (കടം വാങ്ങിയവരിയവരിൽ) വല്ല ഞെരുക്കക്കാരനും ഉണ്ടായിരുന്നാൽ (അവന്ന്) ആശ്വാസമുണ്ടാകുന്നതുവരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ നിങ്ങൾ ദാനമായി (വിട്ടു) കൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം; നിങ്ങൾ അറിവുള്ളവരാണെങ്കിൽ (ക്വുർആൻ 2:278-280).

ഇസ്‌ലാം മനസ്സിലാക്കിത്തരുന്നത് സമ്പത്ത് എന്നത് അല്ലാഹുവിന്റെതാണ് എന്നാണ്. അവനാണത് തരുന്നത്. അത് ഉണ്ടാക്കുന്നതും വളർത്തുന്നതും അവനാണ്; മനുഷ്യർ അത് അനുഭവിക്കാനും പരസ്പരം വിനിമയം നടത്താനും വേണ്ടി. ജനങ്ങൾ അതിന്റെ കൈകാര്യകർത്താക്കൾ മാത്രമാണ്.

“...അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽനിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക...” (ക്വുർആൻ 24:33).

“നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിന്തുടർച്ച നൽകപ്പെട്ടവരാക്കിയിരിക്കുന്നോ അതിൽനിന്നു ചെലവഴിക്കുകയും ചെ

**കച്ചവടത്തെ അനുവദനീയമാക്കുന്നതിനോടൊപ്പം ഇസ്‌ലാം പലിശ നിരോധിക്കുകയും ചെയ്യുന്നു. രണ്ടും വരുമാനമാർഗംതന്നെയാണ്. എന്നാൽ കച്ചവടം പരസ്പരം തൃപ്തിപ്പെട്ടു നടത്തുന്ന ഇടപാടാണ്. അതിലൂടെ ലഭിക്കുന്ന ലാഭം ന്യായവും അനിവാര്യവുമാണ്. എന്നാൽ പലിശ എന്നത് തികച്ചും ചൂഷണമാണ്. സാധാരണക്കാരായ മിക്കവാറുമെല്ലാവരും പലിശക്ക് കടം വാങ്ങുന്നത് നിവൃത്തികേടുകൊണ്ടാണ്. മൂലധനത്തിന്റെ കൂടെ നിശ്ചിത ശതമാനം പലിശയും തിരിച്ചുകൊടുക്കുമ്പോൾ അത് തൃപ്തിയോടെയായിരിക്കില്ല. ഇല്ലാത്തവനെ പ്രയാസപ്പെടുത്തുവാനല്ല, അകമഴിഞ്ഞ് സഹായിക്കുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.**

യ്യുക. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്തവരാരോ അവർക്ക് വലിയ പ്രതിഫലമുണ്ടായിരിക്കുന്നതാണ്.” (ക്വുർആൻ 57:7).

പിശുക്ക് കാണിച്ച് ധനം ചെലവഴിക്കാത്തവരെ അല്ലാഹു ആക്ഷേപിക്കുന്നത് കാണുക:

“ഹേ; കൂട്ടരേ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതിനാണ് നിങ്ങൾ ആഹ്വാനംചെയ്യപ്പെടുന്നത്. അപ്പോൾ നിങ്ങളിൽ ചിലർ പിശുക്ക് കാണിക്കുന്നു. വല്ലവനും പിശുക്ക് കാണിക്കുന്നപക്ഷം തന്നോട് തന്നെയാണ് അവൻ പിശുക്ക് കാണിക്കുന്നത്. അല്ലാഹുവാകട്ടെ പരാശ്രയമുക്തനാകുന്നു, നിങ്ങളോ ദരിദ്രൻമാരും. നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. എന്നിട്ട് അവർ നിങ്ങളെപ്പോലെയായിരിക്കുകയുമില്ല” (ക്വുർആൻ 47:38).

പിശുക്കിവെച്ച ധനംകൊണ്ട് പരലോകത്ത് ശിക്ഷിക്കപ്പെടുന്നതാണ്: “അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാലചാർത്തപ്പെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 3:180).

പിശുക്കൻ അല്ലാഹു നൽകിയ അനുഗ്രഹത്തെ മറച്ചുവെക്കുന്നവനാണ്. അതിനാൽ പിശുക്കനെ അല്ലാഹു നന്ദികെട്ടവൻ എന്ന് വിശേഷിപ്പിക്കുന്നു: “പിശുക്ക് കാണിക്കുകയും, പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും, തങ്ങൾക്ക് അല്ലാഹു തന്റെ ഔദാര്യംകൊണ്ട് നൽകിയ അനുഗ്രഹം മറച്ചുവെക്കുകയും ചെയ്യുന്നവരാണവർ. ആ നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്” (ക്വുർആൻ 4:37).

“(നബിയേ,) പറയുക: എന്റെ രക്ഷിതാവിന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ നിങ്ങളുടെ ഉടമസ്ഥതയിലായിരുന്നെങ്കിൽ ചെലവഴിച്ച് തീർന്നുപോകുമെന്ന് ഭയന്ന് നിങ്ങൾ പിശുക്കിപ്പിടിക്കുക തന്നെ ചെയ്യുമായിരുന്നു. മനുഷ്യൻ കടുത്ത ലുബ്ധനാകുന്നു” (ക്വുർആൻ 17:100).

പിശുക്ക് മുൻഗാമികൾ നശിപ്പിക്കപ്പെടാൻ പോലും കാരണമായിട്ടുണ്ട്:

ജാബിറി ﵁ ൽനിന്ന് നിവേദനം; നബി ﷺ പറഞ്ഞു: “നിങ്ങൾ അക്രമം സൂക്ഷിക്കുക. തീർച്ചയായും അക്രമം അന്ത്യനാളിൽ അന്ധകാരമായിരിക്കും. പിശുക്കിനെയും നിങ്ങൾ സൂക്ഷിക്കുക. അതാണ് നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചതും രക്തം ചിന്താനും കുടുംബബന്ധങ്ങൾ വിച്ഛേദിക്കാനും അവരെ പ്രേരിപ്പിച്ചതും” (മുസ്‌ലിം).

അബൂഹുറയ്‌റ ﵁ യിൽനിന്ന് നിവേദനം; നബി ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ‘പിശുക്കന്റെയും ചെലവഴിക്കുന്നവന്റെയും ഉദാഹരണം തങ്ങളുടെ മുലമുതൽ തോളെല്ലുവരെ അങ്കിധരിച്ച രണ്ടാളുകളെപ്പോലെയാണ്. വിരലുകൾ മറയുകയും അടയാളം ഇല്ലാതാവുകയും ചെയ്യും വിധം തൊലി യെല്ലാം മൂടുന്നവിധമുള്ള വസ്ത്രം അണിഞ്ഞല്ലാതെ (പാപങ്ങളെ മറയ്ക്കുന്ന ആവരണമാണ് ഉദ്ദേശ്യം) ചെലവഴിക്കുന്നവൻ തന്റെ ധനം വ്യയം ചെയ്യുന്നില്ല. എന്നാൽ, പിശുക്കൻ പടയങ്കി അതിന്റെ സ്ഥാനത്ത് ചേർത്തുവെച്ചതല്ലാതെ ചെലവഴിക്കാൻ ഉദ്ദേശിക്കുകയില്ല. അങ്ങനെ അവനത് വികസിപ്പിക്കാൻ ശ്രമിക്കുന്നു. അതിനൊട്ട് സാധിക്കുന്നുമില്ല” (ബുഖാരി, മുസ്‌ലിം).



## ഉത്തമസമുദായത്തിന്റെ ഗുണങ്ങൾ

മുസ്‌ലിം സമുദായം ജനങ്ങൾക്കാകമാനം മാതൃകയായി വർത്തിക്കേണ്ടവരാണ്. ജനങ്ങളുടെ നിർഭയ ജീവിതത്തിനും സമൂഹത്തിന്റെ സുരക്ഷിതത്വത്തിനും വില കൽപിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ആവശ്യമായ മുൻകരുതലെടുക്കുകയും ചെയ്യൽ അവരുടെ ബാധ്യതയാണ്. അതിനായി സ്വജീവിതം നന്നാക്കുകയും നന്മകൽപിക്കുകയും തിന്മകൾക്കെതിരെ പ്രതികരിക്കുകയും ചെയ്യേണ്ടതുണ്ട്. അക്രമം കാണിക്കുകയോ അക്രമങ്ങൾക്ക് കൂട്ടുനിൽക്കുകയോ ചെയ്ത് സമൂഹത്തിൽ അരക്ഷിതാവസ്ഥയുണ്ടാക്കുന്ന പ്രവർത്തനം വിശ്വാസിയിൽനിന്ന് ഉണ്ടായിക്കൂടാ.

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയുവാൻ വേണ്ടി..." (2:143).

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു..." (ക്വുർആൻ 3:110).

"നൻമയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (ക്വുർആൻ 3:104).

ഏതുതരം അക്രമത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. കാരണം അക്രമം സമൂഹത്തിന്റെ സ്വാസ്ഥ്യംകെടുത്തുന്നതാണ്. നിർഭയജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. കായികമായും ശാരീരികമായുമൊക്കെയുള്ള; മോഷണം, കൊള്ള, കൊല, പരദൂഷണം... എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമല്ല അക്രമത്തിന്റെ പരിധിയിൽ വരുന്നത്. അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ കടുത്ത അക്രമമായിട്ടാണ് ക്വുർആനിൽ വിശേഷിപ്പിച്ചിട്ടുള്ളത്. സ്രഷ്ടാവിനോടുള്ള കടമകളിൽ വീഴ്ചവരുത്തുന്നതും അവന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നതുമെല്ലാം അക്രമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്? അവർ അവരുടെ രക്ഷിതാവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. സാക്ഷികൾ പറയും: ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവർ, ശ്രദ്ധിക്കുക: അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെ മേലുണ്ടായിരിക്കും" (ക്വുർആൻ 11:18).

**"ഏതുതരം അക്രമത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. കാരണം അക്രമം സമൂഹത്തിന്റെ സ്വാസ്ഥ്യംകെടുത്തുന്നതാണ്. നിർഭയജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. കായികമായും ശാരീരികമായുമൊക്കെയുള്ള; മോഷണം, കൊള്ള, കൊല, പരദൂഷണം... എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമല്ല അക്രമത്തിന്റെ പരിധിയിൽ വരുന്നത്. അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ കടുത്ത അക്രമമായിട്ടാണ് ക്വുർആനിൽ വിശേഷിപ്പിച്ചിട്ടുള്ളത്. സ്രഷ്ടാവിനോടുള്ള കടമകളിൽ വീഴ്ചവരുത്തുന്നതും അവന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നതുമെല്ലാം അക്രമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു."**

അക്രമികൾ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് അർഹരാകുന്നു: "സ്വർഗാവകാശികൾ നരകാവകാശികളോട് വിളിച്ചുപറയും: ഞങ്ങളോട് ഞങ്ങളുടെ രക്ഷിതാവ് വാഗ്ദാനം ചെയ്തത് ഞങ്ങൾ യാഥാർഥ്യമായി കണ്ടെത്തിക്കഴിഞ്ഞു. എന്നാൽ നിങ്ങളുടെ രക്ഷിതാവ് (നിങ്ങളോട്) വാഗ്ദാനം ചെയ്തത് നിങ്ങൾ യാഥാർഥ്യമായി കണ്ടെത്തിയോ? അവർപറയും: അതെ. അപ്പോൾ ഒരു വിളംബരക്കാരൻ അവർക്കിടയിൽ വിളിച്ചുപറയും: അല്ലാഹുവിന്റെ ശാപം അക്രമികളുടെ മേലാകുന്നു" (ക്വുർആൻ 7:44).

"...അക്രമകാരികൾക്ക് യാതൊരു സഹായിയും ഇല്ല" (ക്വുർആൻ 22:71).

## ഇസ്‌ലാം നീതിയുടെ മതം

ഇസ്‌ലാം നീതിയുടെ മതമാണ്. എല്ലാ രംഗത്തും നീതിപാലിക്കുവാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. നബിﷺയോട് അല്ലാഹു പറയുന്നത് കാണുക: "അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്ന് പോകരുത്. നീ പറയുക:

അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളും നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു തർക്കപ്രശ്നവുമില്ല. അല്ലാഹു നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടും. അവങ്കലേക്കാകുന്നു ചെന്നെത്താനുള്ളത്.” (ക്വുർആൻ 45:15).

ഭരണാധികാരികൾ, പണ്ഡിതന്മാർ, ജഡ്ജിമാർ തുടങ്ങി സമൂഹത്തിൽ വ്യത്യസ്ത സ്ഥാനങ്ങളിലുള്ള എല്ലാവരും അവനവന്റെ പ്രവർത്തനപരിധിയിൽ നീതിപാലിക്കൽ അനിവാര്യമാണ്. മാതാപിതാക്കൾ മക്കൾക്കിടയിൽ നീതികാണിക്കണമെന്ന പ്രവാചക നിർദേശം ഇക്കാലത്ത് പ്രത്യേകം പ്രസ്താവ്യമാണ്.

“വിശ്വസിച്ചേൽപിക്കപ്പെട്ട സ്വത്തുക്കൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്നും, ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു” (ക്വുർആൻ 4:58).



വിവാഹമോചിതകളോട് കാണിക്കേണ്ട നീതിയെക്കുറിച്ച് അല്ലാഹു പറയുന്നു: “വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയുംവരെ) കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ തങ്ങളുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ അവർ ഒളിച്ചുവെക്കാൻ പാടുള്ളതല്ല. അതിനകം (പ്രസ്തുത അവധിക്കകം) അവരെ തിരിച്ചെടുക്കാൻ അവരുടെ ഭർത്താക്കൻമാർ ഏറ്റവും അർഹതയുള്ളവരാകുന്നു; അവർ (ഭർത്താക്കൻമാർ) നിലപാട് നന്നാക്കിത്തീർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ. സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷൻമാർക്ക് അവരെക്കാൾ ഉപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു” (ക്വുർആൻ 2:228).

ബഹുഭാര്യത്വം സ്വീകരിക്കുന്നവർ ഭാര്യമാർക്കിടയിൽ നീതിപുലർത്തേണ്ടതുണ്ടെന്നും അതിൽ ആശങ്കയുണ്ടെങ്കിൽ ഒന്നിൽ പരിമിതമാക്കണമെന്നും അല്ലാഹു കൽപിക്കുന്നു: “അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതിപുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക)...” (ക്വുർആൻ 4:3).

ആരോടെങ്കിലും വിദ്വേഷമുണ്ടെങ്കിൽ അക്കാരണത്താൽ അവരോട് അനീതി കാണിച്ചുകൂടാ എന്ന് അല്ലാഹു വിശ്വാസികളെ ഉണർത്തുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യംവഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതിപാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 5:8).

മർദിതൻ ആരായാലും അവന്റെ പ്രാർഥനയെ ഭയപ്പെടേണ്ടതുണ്ട്: മുആദുബ്നുജബലിؓൽനിന്ന് നിവേദനം: “നബിﷺ എന്നെ നിയോഗിച്ചപ്പോൾ അ

റിയിച്ചു: 'വേദക്കാരായ ഒരു ജനതയുടെ അടുത്തേക്കാണ് താങ്കൾ പോകുന്നത്. അതിനാൽ, അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്നും ഞാൻ അവന്റെ ദൂതനാണന്നും സാക്ഷ്യപ്പെടുത്താൻ അവരോടാവശ്യപ്പെടുക. അതവർ അംഗീകരിച്ചാൽ എല്ലാ രാപ്പകലുകളിലും അഞ്ചുസമയത്തെ നമസ്കാരം അല്ലാഹു അവരുടെ മേൽ നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക. അതിനും അവർ സന്നദ്ധരായാൽ അവരുടെ ധനികരിൽനിന്ന് പിടിച്ചെടുത്ത് ദരിദ്രരിൽ വിതരണം ചെയ്യുന്ന ദാനം അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക. അതിനും അവർ സമ്മതിച്ചാൽ താങ്കൾ അവരുടെ ധനത്തിൽ ഏറ്റം നല്ലത് പിരിച്ചെടുക്കരുത്. അക്രമിക്കപ്പെട്ടവന്റെ പ്രാർഥന സൂക്ഷിക്കുക. കാരണം, അതിനും അല്ലാഹവിനുമിടയിൽ മറയില്ല" (ബുഖാരി, മുസ്‌ലിം).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യംവഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്നപക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (ക്വുർആൻ 4:135).

ഇത്തരത്തിൽ നീതിപാലനം കൃത്യമായി നടക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കുന്നവർ അനുഭവിക്കുന്ന സുരക്ഷിതത്വവും നിർഭയത്വവും വർണനകൾക്കപ്പുറത്താണ്. അങ്ങനെയുള്ള സാമൂഹ്യവ്യവസ്ഥയാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്.

രാജ്യം ഭരിക്കുന്നവരും രാജ്യത്തെ വിധികർത്താക്കളും ജനങ്ങളോട് നീതിപാലിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം നീതി നിഷേധിക്കുന്നുവെങ്കിലുള്ള അവസ്ഥയൊന്ന് ആലോചിച്ചു നോക്കുക. നീതിനിഷേധിക്കപ്പെടുന്നവർക്ക് എന്ത് നിർഭയത്വമാണ് ജീവിതത്തിൽ ഉണ്ടാവുക? സമൂഹത്തിൽ തങ്ങളല്ലാത്തവരെല്ലാം സുരക്ഷിതരായിരിക്കുകയും തങ്ങൾ ഏതു സമയവും ഭരണകൂടത്താലോ അവരുടെ മൗനാനുവാദത്താൽ മറ്റുള്ളവരാലോ അക്രമിക്കപ്പെട്ടേക്കാമെന്ന ഭയപ്പാടിൽ ജീവിക്കുവാൻ വിധിക്കപ്പെടുന്ന ദുരവസ്ഥ എന്തുമാത്രം ഭീതിതമാണ്!

വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നിർഭയത്വം നിലനിൽക്കണമെങ്കിൽ നീതിപാലിക്കൽ നിർബന്ധമാണ് എന്നു വ്യക്തം.

> **"രാജ്യം ഭരിക്കുന്നവരും രാജ്യത്തെ വിധികർത്താക്കളും ജനങ്ങളോട് നീതിപാലിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം നീതി നിഷേധിക്കുന്നുവെങ്കിലുള്ള അവസ്ഥയൊന്ന് ആലോചിച്ചു നോക്കുക. നീതിനിഷേധിക്കപ്പെടുന്നവർക്ക് എന്ത് നിർഭയത്വമാണ് ജീവിതത്തിൽ ഉണ്ടാവുക? സമൂഹത്തിൽ തങ്ങളല്ലാത്തവരെല്ലാം സുരക്ഷിതരായിരിക്കുകയും തങ്ങൾ ഏതു സമയവും ഭരണകൂടത്താലോ അവരുടെ മൗനാനുവാദത്താൽ മറ്റുള്ളവരാലോ അക്രമിക്കപ്പെട്ടേക്കാമെന്ന ഭയപ്പാടിൽ ജീവിക്കുവാൻ വിധിക്കപ്പെടുന്ന ദുരവസ്ഥ എന്തുമാത്രം ഭീതിതമാണ്!"**

ഇസ്‌ലാമിക വീക്ഷണത്തിൽ നിയമത്തിനുമുന്നിൽ മനുഷ്യരെല്ലാം തുല്യരാണ്. എല്ലാ വിഭാഗീയത കൾക്കും അതീതമായി, എല്ലാവർക്കും ജീവിക്കുവാനും വിദ്യനേടുവാനും ജോലിചെയ്യുവാനും ധനം സമ്പാദിക്കുവാനും അഭിപ്രായം പറയുവാനുമെല്ലാം അവകാശം വേണം. എല്ലാവരുടെയും കഴിവുകളും അഭിരുചികളും ബുദ്ധിയും ഒരുപോലെയല്ല. ഈ വ്യത്യസ്തതകളാണ് സമൂഹത്തെയും രാജ്യത്തെയും പുരോഗതിയിലേക്കു നയിക്കുന്നത്. എല്ലാവരും എഞ്ചിനീയർമാരായാൽ വികസന പ്രവർത്തനങ്ങൾ നടക്കില്ല. അതിന് വിവിധ തൊഴിലുകൾ വശമുള്ള തൊഴിലാളികളും വേണം. എല്ലാവരും ശാസ്ത്രജ്ഞന്മാരായാൽ, എല്ലാവരും ഡ്രൈവർമാരായാൽ, എല്ലാവരും അധ്യാപകരായാൽ... ഒന്നും നടക്കില്ലല്ലോ. ഒന്നില്ലാതെ മറ്റൊന്നില്ല. എല്ലാം കൂടിച്ചേരുമ്പോഴാണ് മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുക. വൈവിധ്യത്തെ നിഷേധിക്കാതെയുള്ള ചലനാത്മകമായ ഇടപെടൽ നിർഭയത്വത്തിന് വഴിതുറക്കുന്നു.

**(അവസാനിച്ചില്ല)**



അർഷദ് കുറിശ്ശാംകുളം
mail@nerpatham.com

ലേഖനം

# അനാദിയായ ദൈവവും നാസ്തികരുടെ യുക്തിരാഹിത്യവും

പ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണ് എന്ന് പറയുമ്പോൾ നാസ്തികരുടെ സ്ഥിരം ചോദ്യമാണ് 'അങ്ങനെയെങ്കിൽ ദൈവത്തെ ആരാണ് സൃഷ്ടിച്ചത്' എന്നത്. ഈ ചോദ്യം ഉന്നയിച്ചാൽ വിശ്വാസികളുടെ ദൈവവാദം പൊളിയും എന്ന് അവർ അഭിമാനം കൊള്ളും. യഥാർഥത്തിൽ ആരുടെ വാദമാണ് പൊളിയുന്നതെന്ന് നമുക്ക് പരിശോധിക്കാം.

എഴുത്തുകാരനും ശാസ്ത്രപ്രഭാഷകനുമായ വൈശാഖൻ തമ്പിയുടെ സ്വാതന്ത്ര്യശബ്ദം എന്ന പ്രഭാഷണത്തിൽ ദൈവമില്ല എന്നു വിശദീകരിക്കുന്നത് ഇങ്ങനെയാണ്: "അയാളുടെ ബ്രെയിൻ വളരെ കോംപ്ലക്സ് ആണ്. അയാളുടെ ശരീരം വളരെ കോംപ്ലക്സ് ആണ്. അപ്പോൾ അതിനെക്കാളും കോംപ്ലക്സ് ആയിട്ടുള്ള ഒരാൾ അയാളെ ഡിസൈൻ ചെയ്തിട്ടുണ്ടാവണം. അതിനെക്കാളും കോംപ്ലക്സ് ആയിട്ടുള്ള ആ ആളിനെ ദൈവമെന്നു വിളിക്കാം. അയാൾക്കും വേണം ഒരു ഡിസൈനർ; അതാര്? ഇനി അത്രയും കോംപ്ലക്സ് ആയിട്ടുള്ള ആ ദൈവത്തിന് ഡിസൈനർ ഇല്ലാതെ ഉണ്ടാകാമെന്നു സമ്മതിച്ചാൽ അതിനെക്കാളും കോംപ്ലക്സ് കുറഞ്ഞ മനുഷ്യൻ ഡിസൈനർ ഉണ്ടാവാതെ ഉണ്ടായിക്കൂടേ?'

ഈ ഉള്ളു പൊള്ളയായ വാദത്തെ നമുക്ക് പരിശോധിക്കാം. അദ്ദേഹം പറഞ്ഞതിന്റെ വിവക്ഷ ഇതാണ്: മനുഷ്യൻ തനിയെ ഉണ്ടായതാണ്. കാരണം സങ്കീർണതകൂടിയ ദൈവം തനിയെ ഉണ്ടാവുമെങ്കിൽ അതിനെക്കാളും സങ്കീർണത കുറഞ്ഞ മനുഷ്യൻ തനിയെ ഉണ്ടാകുന്നത് അസംഭവ്യമല്ല.'

ഉണ്ടായി എന്നത് ഒരു ഭൂതകാല പ്രക്രിയയാണ്. ഈ ഭൂതം, വർത്തമാനം, ഭാവി എന്നീ സമയ സങ്കൽപങ്ങളെല്ലാം മനുഷ്യന് വേണ്ടിയുള്ളതാണ്. അവനത് ബാധകമാണ്. അതിൽനിന്നും പുറത്തു കടന്നു ചിന്തിക്കാനോ പ്രവർത്തിക്കാനോ അവനു സാധ്യമല്ല. മനുഷ്യൻ പ്രപഞ്ചത്തിന്റെ ഭാഗമെന്നതുപോലെ ഈ സമയ സങ്കൽപങ്ങളും പ്രപഞ്ചത്തിന്റെ ഭാഗമാണ്. എന്നാൽ ദൈവം പ്രപഞ്ചാതീതനാണ്. ആ പ്രപഞ്ചാതീതമായ അസ്തിത്വത്തിന് സമയം എന്നത് ബാധകമല്ല. അവന് അത് അനുസരിക്കേണ്ടിയും വരുന്നില്ല. കാരണം സമയം ദൈവത്തിന്റെ സൃഷ്ടിയുടെ ഭാഗമാണ്.

1920 കളിൽ എഡ്വിൻ ഹബ്ൾ പ്രപഞ്ചം വികസിക്കുന്നു എന്നു കണ്ടെത്തി. ഈ കണ്ടെത്തൽ

പ്രപഞ്ചോൽപത്തി സിദ്ധാന്തത്തിന് വഴിവെച്ചു. അതായത് പ്രപഞ്ചോൽപത്തി എന്നത്; വികസിക്കുന്ന പ്രപഞ്ചത്തിൽ കാലത്തിലൂടെ പിന്നോട്ടു സഞ്ചരിച്ചാൽ, അനന്തമായ വളവുള്ള സ്ഥലവും കാലവും സിങ്കുലാരിറ്റി എന്നു പറയപ്പെടുന്ന അവസ്ഥയിലായിരുന്നു എന്നു മനസ്സിലാക്കാം. ശാസ്ത്രലോകം വിശ്വസിച്ചുവന്നത് 'സ്റ്റഡി സ്റ്റേറ്റ് തിയറി'യിലായിരുന്നു. അതായത് പ്രപഞ്ചം എന്നും ഇങ്ങനെ തന്നെയായിരുന്നു, അതിനു തുടക്കമോ ഒടുക്കമോ ഇല്ല എന്ന്. പ്രപഞ്ചത്തിനു തുടക്കമുണ്ടെങ്കിൽ അതിനെ ദൈവം സൃഷ്ടിച്ചു എന്നു വരും. ഇത് കാരണം ശാസ്ത്രലോകം മഹാവിസ്ഫോടന സിദ്ധാന്തത്തെ കുറെകാലം അംഗീകരിച്ചില്ല.

സിങ്കുലാരിറ്റി എന്ന അവസ്ഥയിൽനിന്നും ബിഗ് ബാംഗ്(മഹാ വിസ്ഫോടനം) സംഭവിച്ചു. കോടാനുകോടി വർഷങ്ങൾക്ക് ശേഷം പ്രപഞ്ചം ഇന്നത്തെ അവസ്ഥയിലെത്തി. അപ്പോൾ ബിഗ് ബാംഗിന് ശേഷമാണ് സ്ഥലവും കാലവുമൊക്കെ ഉണ്ടായത് എന്നു വ്യക്തം.

'ഇനി അത്രയും കോപ്ലസ് ആയിട്ടുള്ള ദൈവത്തിന് ഡിസൈനർ ഇല്ലാതെ ഉണ്ടാവമെന്നു സമ്മതിച്ചാൽ അതിനെക്കാളും കോംപ്ലസ് കുറഞ്ഞ മനുഷ്യന് ഡിസൈനർ ഉണ്ടാവാതെ ഉണ്ടായിക്കൂടേ' എന്നാണല്ലോ വൈശാഖൻ തമ്പി പറഞ്ഞത്. ഈ വാദത്തിൽ ദൈവം തനിയെ ഉണ്ടാകാമെങ്കിൽ, അതായത് ദൈവത്തിന് തുടക്കമുണ്ട് എങ്കിൽ ദൈവത്തെ ആരോ സൃഷ്ടിച്ചു എന്നു വരും. ഇത് ഇങ്ങനെ തുടർന്ന് കൊണ്ടിരിക്കും. എന്നാൽ ദൈവത്തിന്റെ നിർവചനംതന്നെ 'ആരാലും സൃഷ്ടിക്കപ്പെടാത്തവൻ' എന്നാണ്. പിന്നെ എങ്ങനെ ദൈവത്തെ സൃഷ്ടിച്ചു എന്നു പറയും. ആ ചോദ്യം ദൈവം എന്തെന്ന് മനസ്സിലാകാത്തതിന്റെ പ്രശ്നമാണ്. മുമ്പ് എന്നൊരു അവസ്ഥ ഉണ്ടാകണമെങ്കിൽ സമയമുണ്ടാവണം. സമയം തന്നെ പ്രപഞ്ച സൃഷ്ടിപ്പോടു കൂടിയാണ് വന്നത്. എന്നാൽ ഇവിടെ മറു ചോദ്യം ഉന്നയിച്ചെന്നു വരും; 'എന്നാൽ സമയം പ്രപഞ്ചം ഉണ്ടായതിനുശേഷമണല്ലോ ഉണ്ടായത്, എങ്കിൽ പ്രപഞ്ചത്തിനു മുമ്പ് എന്നൊരു അവസ്ഥ ഉണ്ടോ? ഉണ്ടെങ്കിലല്ലേ അതിനു മുമ്പുള്ള ദൈവമുണ്ടാവൂ' എന്ന്. ഇവിടെ നാം മനസ്സിലാക്കേണ്ട കാര്യം സമയവും കാലവും ഉണ്ടാകുന്നതിനു മുമ്പുള്ള, അതായത് ബിഗ് ബാംഗ് സംഭവിക്കുന്നതിന് മുമ്പ് എല്ലാ ഭൗതിക നിയമങ്ങളും അപ്രസക്തമാവുന്ന എന്തോ ഒന്നിൽ നിന്നാണ് (അതിനെ സിംഗുലാരിറ്റി എന്നു വിളിക്കുന്നു) ഈ പ്രപഞ്ചം ഉണ്ടായത്. എല്ലാ ദ്രവ്യവും അതിലടങ്ങിയിരുന്നു. അപ്പോൾ ഈ ബിഗ് ബാംഗിനു 'മുമ്പ്' എന്നൊരാവസ്ഥ ഉണ്ടായിരുന്നു. അതായത് സ്ഥലവും സമയം ഉണ്ടാകുന്നതിന് മുമ്പ് എന്തോ ഒന്ന് ഉണ്ടായിട്ടുണ്ടല്ലോ. അതിൽ നിന്നുമാണ് പ്രപഞ്ചം ഉണ്ടായത്. അപ്പോൾ ആ



അവസ്ഥയ്ക്ക് മുമ്പ് ആരാലും സൃഷ്ടിക്കപ്പെടാത്ത ദൈവമുണ്ട്.

ദൈവം എന്നെന്നും ജീവിച്ചിരിക്കുന്നവനാണ് എന്നാണ് ക്വുർആൻ പറയുന്നത്. തുടക്കമുണ്ടെങ്കിലേ അതിനൊരു നിർമാതാവ് ഉണ്ടാവൂ. ദൈവത്തിനു തുടക്കമില്ല; അവൻ എന്നും ഉള്ളവനാണ്. അപ്പോൾ 'ദൈവത്തിന് മുമ്പ്' എന്ന പ്രയോഗംതന്നെ അപ്രസക്തമാണ്. സമയം പ്രപഞ്ചമുണ്ടായതിനു ശേഷം ഉണ്ടായതാണ്. സമയം ദൈവം മനുഷ്യന് നൽകിയതാണ്. പ്രപഞ്ചത്തിനു തുടക്കമുണ്ട്; മനുഷ്യനും. അതുകൊണ്ട് ഇവ രണ്ടും സൃഷ്ടിക്കപ്പെട്ടതാണ്. എന്നാൽ തുടക്കമില്ലാത്ത, മുമ്പ് എന്നൊരു അവസ്ഥയില്ലാത്ത ദൈവത്തെ ആരോ ഉണ്ടാക്കി എന്നു വാദിക്കുന്നതിൽ കഴമ്പില്ല. ദൈവത്തെ ആര് ഉണ്ടാക്കി എന്നു ചോദിക്കുന്നത് ചുവന്ന നിറത്തിന്റെ ഗന്ധമെന്തെന്നു ചോദിക്കുന്നതു പോലെയാണ്. നിറത്തിന് ഗന്ധമുണ്ടോ? ഇല്ല! ദൈവത്തെ ആരും സൃഷ്ടിച്ചിട്ടിച്ചില്ല. അവന് തുടക്കമില്ല; ഒടുക്കവും.

വൈശാഖൻ തമ്പിയുടെ വാദത്തിന്റെ നിരർഥകത ഇതിലൂടെ വെളിവാകുന്നു. ദൈവം എന്നും ഉണ്ടായിരുന്നു, എന്നും ഉണ്ടാവുകയും ചെയ്യും. ആ ഭാഗത്തേക്ക് നമ്മുടെ യുക്തിയെത്തുകയില്ല. അവൻ പ്രവാചകന്മാരിലൂടെ അവനെക്കുറിച്ചു നമുക്ക് അറിയിച്ചുതന്നതല്ലാതെ അവനെക്കുറിച്ച് നമുക്ക് ഒന്നും അറിയില്ല. അവന്റെ രൂപമോ ഭാവമോ നമ്മുടെ തലച്ചോറിലൂടെ രൂപപ്പെടുത്താൻ സാധിക്കില്ല. കാരണം നമ്മളുടെ തലച്ചോറിന് പരിമിതിയുണ്ട്. നമ്മുടെ യുക്തിയുപയോഗിച്ച് അവനെ അവൻ അറിയിച്ചുതന്നതിൽ കവിഞ്ഞല്ലാതെ നമുക്ക് പൂർണമായും മനസ്സിലാക്കാൻ സാധിക്കില്ല.

"അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്. അവൻ സർവകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാണ്" (ക്വുർആൻ 57:3)

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

20

തല കുനിച്ചിരുന്ന്, മുഖത്തു നോക്കാതെ അമ്മാവൻ പറഞ്ഞു: "എടാ കുഞ്ഞേ, നീ എന്നോട് ക്ഷമിക്കണം. നിങ്ങളെയെല്ലാവരെയും തിരിച്ച് കൊണ്ടുവരാൻ ഞാൻ പല ശ്രമങ്ങളും നടത്തിയിരുന്നു. നിന്നോട് എനിക്ക് പകയായി. നിന്നെ വകവരുത്താൻ ചില ആലോചനകൾ നടന്നപ്പോൾ ഞാനും കൂട്ടുനിന്നു. നീ പൂജാകർമങ്ങൾ ചെയ്യുന്ന പല ഫോട്ടോകളും ഇവിടെ ഉണ്ടായിരുന്നത് ചിലർക്ക് കൊടുത്തിട്ടുണ്ട്."

"എന്തിന്?"

"നിന്നെ തിരിച്ചറിയാൻ വേണ്ടി."

"ആരുടെ കൈയിലാ കൊടുത്തത്? എത്രയെണ്ണം കൊടുത്തു?"

"ആരാണെന്നറിയില്ല. അഞ്ചെണ്ണം കൊടുത്തിട്ടുണ്ട്. ഇവിടുത്തുകാരൊന്നുമല്ലായിരുന്നു."

"അവർ എന്തു പറഞ്ഞു?"

"സ്വാമി ഒന്നുംകൊണ്ടും വിഷമിക്കണ്ട. അവനെ അധികം താമസിക്കാതെ ഈ ഭൂമിയിൽനിന്ന് പറഞ്ഞു വിട്ടേക്കാം എന്ന്. ഞാൻ ആശുപത്രിയിൽ നിന്നും തിരിച്ചുവന്നശേഷം അവരുമായി ബന്ധമുള്ള പലരുടെയും വീട്ടിൽ പോയി കണ്ടിരുന്നു. അവൻ എങ്ങനെയെങ്കിലും ജീവിച്ചോട്ടെ. ആരും അവനെ ഉപദ്രവിക്കരുത് എന്ന് പറഞ്ഞിട്ടുമുണ്ട്. എന്നാലും നീ വളരെ സൂക്ഷിച്ചുകൊള്ളണം. രാത്രിയിലോ, ഒറ്റക്കോ എങ്ങും പോകരുത്..."

ഇത്രയും പറഞ്ഞിട്ട് അമ്മാവൻ പൊട്ടിക്കരഞ്ഞു.

"അബദ്ധം പറ്റിപ്പോയി..."

"അമ്മാവാ...സാരമില്ല എന്നെയോർത്ത് വിഷമിക്കേണ്ട. മരണത്തെ എനിക്കൊട്ടും പേടിയില്ല. അത് നടക്കേണ്ട സമയത്ത് വിധിപ്രകാരംതന്നെ നടക്കും. മരണത്തിന്റെ താക്കോൽ മനുഷ്യരുടെ കൈയിലല്ല. മരണശേഷം നിത്യമായ ഒരു നല്ലജീവിതം കിട്ടുമെന്ന പ്രതീക്ഷ എനിക്കുണ്ട്. അമ്മാവന്റെ കാര്യത്തിലാണ് എനിക്കു വിഷമം. ഏകനായ ദൈവത്തെ അംഗീകരിക്കുകയും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർക്കല്ലാതെ നിത്യമായ പരലോക ജീവിതവിജയം ലഭിക്കുകയില്ല."

അന്നത്തെ ചർച്ച അവസാനിപ്പിച്ചു. ആഹാരം കഴിച്ചു സന്തോഷത്തോടെ ഞങ്ങൾ പിരിഞ്ഞു.

അന്നു സമയം വൈകിയതിനാൽ ഞാൻ വാടകവീട്ടിലേക്ക് പോയില്ല. സ്വന്തം വീട്ടിൽ മാതാപിതാക്കളോടൊപ്പം കഴിഞ്ഞു. രാത്രി പതിനൊന്നു മണിയായപ്പോൾ വീട്ടുമുറ്റത്ത് വന്ന് ആരോ ഉറക്കെ വിളിച്ചു. ഞാൻ കതക് തുറന്നു. അമ്മാവൻ എടുത്തു വളർത്തുന്ന മകളാണ്.

അവൾ പറഞ്ഞു: "വീട്ടിലേക്ക് പെട്ടെന്ന് വരണം. അച്ഛനെന്തോ പ്രയാസമുണ്ട്. ഞാനും അനുജനും കൂടി ഓടിയെത്തി. അമ്മാവൻ നെഞ്ചിൽ അമർത്തിപ്പിടിച്ചുകൊണ്ട് പുളയുകയാണ്. ചോദിച്ചിട്ട് ഒന്നും മിണ്ടുന്നില്ല."

പെട്ടെന്ന് ഒരു വാടകവണ്ടി വിളിച്ചു ആശുപത്രിയിലേക്ക് പാഞ്ഞു. യാത്രാമധ്യെ എന്നോട് കൈ നീട്ടി എന്റെ കൈ ആവശ്യപ്പെട്ടു. എന്റെ കൈയിൽ, എനിക്ക് ഭക്ഷണം വാരിത്തന്നു വളർത്തിയ ആ കൈകൾ വരിഞ്ഞുമുറുകി...ഒടുവിൽ നിശ്ചലമായി. ആശുപത്രിയിലെത്തി പരിശോധിച്ചശേഷം ഡോക്ടർ പറഞ്ഞു: "ഇയാൾ മരണപ്പെട്ടിരിക്കുന്നു; പത്ത് മിനുട്ട് മുമ്പ്."

ഞാൻ ഇടിവെട്ടേറ്റ അവസ്ഥയിൽ സ്തംഭിച്ചു നിന്നു.

ദുഃഖത്തോടുകൂടി പറയുകയാണ്; സർവലോക സൃഷ്ടികർത്താവിൽ അഭയം കണ്ടെത്തുന്നവരും സൃഷ്ടികളിൽ അഭയം കാണുന്നവരും തമ്മിലുള്ള അന്തരങ്ങൾ തിരിച്ചറിയുക. സത്യം തേടുന്നവർക്ക് ശത്രുത ഒരു സഹായമായേ അവസാനിക്കൂ. സത്യം മനസ്സിലാക്കി സത്യത്തിൽ ലയിച്ചു ചേരുക. ഇല്ലെങ്കിൽ സത്യത്തെ അടിച്ചമർത്താൻ ശ്രമിക്കാതെ ഒഴിഞ്ഞുമാറുക. സത്യത്തിന്റെ താക്കോൽ തമ്പുരാന്റെ പക്കലാണുള്ളത്. സത്യം എത്രകണ്ടു ഞെരിഞ്ഞമർന്നാലും ശരി അവസാനം വിജയിക്കുക തന്നെ ചെയ്യും.

### തിരിച്ചുവരവ്

നാലാം വർഷം. നാട്ടിൽനിന്നും പോയവരെല്ലാം മടങ്ങിവന്നു. പലരുടെയും എതിർപ്പുകൾ കുറഞ്ഞിരുന്നു.

ഇസ്‌ലാമിനെക്കുറിച്ചു ഞാൻ പഠിച്ചുമനസ്സിലാക്കിയ കാര്യങ്ങൾ ചുരുക്കി പ്പറയാൻ ആഗ്രഹിക്കുന്നു. ഇനി പറയുന്ന കാര്യങ്ങൾ ഇതര മതസ്ഥരായ ആരെങ്കിലും ഈ വാരിക വായിക്കുന്നുവെങ്കിൽ അവരുടെ അറിവിലേക്കാണ് കുറിക്കുന്നത്.

> **"ഏകദൈവത്തെ അംഗീകരിക്കുകയും അവനെ മാത്രമെ ആരാധിക്കുകയുള്ളൂവെന്നും അവന്റെ മുമ്പിൽ മാത്രമെ ശിരസ്സ് കുനിക്കുകയുള്ളൂവെന്നും അവന്റെ നിയമങ്ങൾ അനുസരിച്ചു മാത്രമെ ജീവിക്കുകയുള്ളൂ എന്നും അവനാൽ സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യൻ ഹൃദയത്തിൽ ഉറപ്പിച്ചു വിശ്വസിക്കുകയും പ്രതിജ്ഞയെടുക്കുകയും ചെയ്താൽ ആ വ്യക്തി സകല ദുർമൂർത്തികളിൽനിന്നും മോചിതനായി. അന്ധവിശ്വാസം, അനാചാരം, ബഹുദൈവാരാധന തുടങ്ങിയ അന്ധകാരങ്ങളിൽനിന്നും അയാൾ രക്ഷ നേടി. നിറം, ഭാഷ, ദേശം, തൊഴിൽ തുടങ്ങിയ എല്ലാ രംഗത്തുമുള്ള വിവേചനത്തിൽനിന്നും അയാൾ മോചിതനായി."**

'ഇസ്‌ലാം' എന്ന പദത്തിന്റെ അർഥം 'സമാധാനം,' രക്ഷ എന്നൊക്കെയാണ്. ഒരാൾ ജയിലിൽ അടക്കപ്പെട്ടാൽ ശിക്ഷ കഴിയുമ്പോൾ മോചനം ലഭിക്കുന്നു. വിശക്കുന്നയാൾ ആഹാരം കഴിക്കുമ്പോൾ വിശപ്പിൽനിന്നും മോചിതനാകുന്നു. രോഗം പിടിപെട്ടയാൾ മരുന്നുകഴിച്ച് രോഗം മാറുമ്പോൾ രോഗത്തിൽനിന്നും മോചിതനാകുന്നു. ഇങ്ങനെ മനുഷ്യസമൂഹത്തിനു സന്ദർഭോചിതമായി അനുഭവപ്പെടുന്ന ഒരു പ്രക്രിയയാണു മോചനം. എന്നാൽ ഇസ്‌ലാം നൽകുന്ന മോചനം അഥവാ രക്ഷ ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്.

പ്രപഞ്ച സ്രഷ്ടാവായ ഏക അസ്തിത്വത്തെ ഈശ്വരൻ, യഹോവ, അല്ലാഹു... ഇങ്ങനെ പല പേരിലും ആളുകൾ വിളിക്കുന്നു. ഈ മഹാശക്തിക്ക് മാതാപിതാക്കളോ ഭാര്യാസന്തതികളോ ബന്ധുമിത്രാദികളോ ഇല്ല. അവൻ അനാദിയും അനന്തനുമാണ്. വിശപ്പോ ദാഹമോ ക്ഷീണമോ ഉറക്കമോ മയക്കമോ ബാധിക്കാത്ത അവൻ സൃഷ്ടിക്കപ്പെട്ടവനല്ല, എന്നാൽ സർവതും അവനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആ പരാശക്തിക്ക് പ്രപഞ്ചത്തിലുള്ള യാതൊന്നിന്റെയും സാദൃശ്യമോ രൂപമോ ഇല്ല.

ആ ഏകദൈവത്തെ അംഗീകരിക്കുകയും അവനെ മാത്രമെ ആരാധിക്കുകയുള്ളൂവെന്നും അവന്റെ മുമ്പിൽ മാത്രമെ ശിരസ്സ് കുനിക്കുകയുള്ളൂവെന്നും അവന്റെ നിയമങ്ങൾ അനുസരിച്ചു മാത്രമെ ജീവിക്കുകയുള്ളൂ എന്നും അവനാൽ സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യൻ ഹൃദയത്തിൽ ഉറപ്പിച്ചു വിശ്വസിക്കുകയും പ്രതിജ്ഞയെടുക്കുകയും ചെയ്താൽ ആ വ്യക്തി സകല ദുർമൂർത്തികളിൽനിന്നും മോചിതനായി. അന്ധവിശ്വാസം, അനാചാരം, ബഹുദൈവാരാധന തുടങ്ങിയ അന്ധകാരങ്ങളിൽനിന്നും അയാൾ രക്ഷനേടി. നിറം, ഭാഷ, ദേശം, തൊഴിൽ തുടങ്ങിയ എല്ലാ രംഗത്തുമുള്ള വിവേചനത്തിൽ നിന്നും അയാൾ മോചിതനായി.

സൃഷ്ടികർത്താവിന്റെ കാല, ദേശ, ഭാഷകൾക്കതീതമായ, മാറ്റത്തിരുത്തലുകൾ ആവശ്യമില്ലാത്ത നിത്യനൂതന നിയമങ്ങളുടെ മഹത്ത്വമാണിത് സൂചിപ്പിക്കുന്നത്. ആ നിയമങ്ങൾ മനുഷ്യർ ജീവിതത്തിൽ പകർത്തുമ്പോൾ ഉണ്ടാകുന്ന മാറ്റമാണിത്.

മാനവരാശിയുടെ ഇഹപര വിജയത്തിനാവശ്യമായ കാര്യങ്ങൾ എന്തൊക്കെ, എന്താണ് ധർമം, എന്താണ് അധർമം എന്നൊക്കെ മനുഷ്യരെ സൃഷ്ടിച്ച സ്രഷ്ടാവിനേ പറഞ്ഞുതരാൻ കഴിയുകയുള്ളൂ. മനുഷ്യർക്കാർക്കും എല്ലായിടത്തും എല്ലാകാലത്തും പ്രസക്തവും പ്രായോഗികവുമായ നിയമങ്ങൾ നിർമിക്കാൻ സാധ്യമല്ല.

നാം ഒരു ഇലക്ട്രോണിക് ഉപകരണം വാങ്ങുമ്പോൾ അത് പ്രവർത്തിപ്പിക്കുന്നത് എങ്ങനെയെന്നും മറ്റും മനസ്സിലാക്കിത്തരുന്ന ഒരു ലഘുപുസ്തകം (കാറ്റലോഗ്) കൂടെ ലഭിക്കാറുണ്ട്. അതിൽ പറയുന്നതിനു വിപരീതമായി നമ്മൾ ആ ഉപകരണം പ്രവർത്തിപ്പിക്കാൻ ശ്രമിച്ചാൽ അതിനു കേടുപാടുകൾ വരുമെന്നതിൽ സംശയമില്ല. കാരണം നിർമാതാക്കൾക്കാണ് ഉൽപന്നത്തെക്കുറിച്ച് കൃത്യമായി അറിവുണ്ടാവുക. അതുപോലെയാണ് മനുഷ്യന്റെ കാര്യവും. അവന്റെ സ്രഷ്ടാവിനു മാത്രമെ അവന് ഉപകാരപ്രദമായതും ഉപദ്രവകരമായതും എന്തൊക്കെയെന്ന് കൃത്യമായും സൂക്ഷ്മമായും അറിയുകയുള്ളൂ. ആ സ്രഷ്ടാവിന്റെ നിയമങ്ങൾക്കേ അവന്റെ ജീവിതത്തെ സമാധാനപൂർണമാക്കുവാൻ സാധിക്കുകയുള്ളൂ.



ഏതാണ് ആ നിയമങ്ങൾ? അത് അന്വേഷിച്ച് കണ്ടെത്തുകതന്നെ വേണം. പല മതക്കാർക്കും അവർ അംഗീകരിക്കുന്ന വേദഗ്രന്ഥങ്ങളുണ്ട്. രാമായണം, ഭഗവത്ഗീത, ഉപനിഷത്തുക്കൾ, ബൈബിൾ, ക്വുർആൻ... ഇങ്ങനെ പലതും. ഇതിൽ ഏതാണ് സമഗ്രമായും കൃത്യമായും മനുഷ്യന്റെ ഇഹപര വിജയത്തിനാവശ്യമായ നിയമങ്ങളും വിധികളും വിലക്കുകളുമൊക്കെ പഠിപ്പിക്കുന്നത്? പഠനത്തിലൂടെയേ അത് മനസ്സിലാക്കാൻ സാധിക്കൂ.

നമ്മൾ ബസ്സ്റ്റാന്റിൽനിന്നും പരിചയമില്ലാത്ത ഒരു സ്ഥലത്തേക്കു യാത്രതിരിക്കുന്നു എന്ന് കരുതുക. ധാരാളം ബസുകൾ... രൂപത്തിലും വലിപ്പത്തിലും നിറത്തിലുമെല്ലാം ഒരുപോലെ. നമ്മൾ ബോർഡ് നോക്കി ബസിൽകയറി ഇരിക്കുന്നു. ബോർഡ് വായിച്ച് കയറിയതാണെങ്കിലും നമുക്ക് സംശയം അവശേഷിക്കും. അപ്പോൾ അടുത്തിരിക്കുന്ന ആളോടു ചോദിക്കും; ഈ ബസ് ഇന്ന സ്ഥലത്തേക്കാണോ പോകുന്നത്? അയാൾ അതെ എന്നു പറയും. എന്നാലും കണ്ടക്ടർ വരുമ്പോൾ നാം ചോദിക്കും; ഈ ബസ് ഇന്ന സ്ഥലത്തേക്ക് പോകില്ലേ? കണ്ടക്ടറിൽനിന്നും ഉറപ്പുകിട്ടിയ ശേഷമെ നമുക്കു സമാധാനമാകൂ.

ഒരു ബസ് യാത്രക്ക് ഇത്രയും അങ്കലാപ്പും സംശയവും തിരച്ചിലുമെങ്കിൽ മനുഷ്യൻ അവൻ വിശ്വസിച്ചു പിന്തുടരുന്ന മതഗ്രന്ഥത്തിന്റെ സത്യസന്ധതയും ദൈവികതയും അന്വേഷിക്കലും അറിഞ്ഞിരിക്കലും അത്യാവശ്യമല്ലേ?

അങ്ങനെ നമ്മൾ സത്യാന്വേഷണത്തിന് തിരിയുമ്പോൾ മർമപ്രധാനമായ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. നമുക്ക് സ്വതന്ത്രമായി ലഭിച്ച ജന്മാവകാശം.
2. നമ്മുടെ സ്വതന്ത്രമായ ചിന്തകൾ.
3. നമ്മുടെ വ്യക്തി സ്വാതന്ത്ര്യവും അവകാശവും.

ഇവ മൂന്നും ഒരാൾക്കു മുമ്പിലും പണയം വയ്ക്കരുത്, അടിമപ്പെടരുത്. എന്തും കേൾക്കാം, പക്ഷേ, പൂർണമായി വിശ്വസിക്കരുത്. ഏതാണു പരമസത്യം എന്ന് തിരിച്ചറിഞ്ഞു ഹൃദയത്തിൽ ഉറക്കുന്നതുവരെ അന്വേഷണം തുടരണം. ഈ തിരിച്ചറിവുണ്ടായിരുന്നതുകൊണ്ടാണ് ഈ ലേഖനം എഴുതാൻ എനിക്കു കഴിഞ്ഞത്.

ഈ അന്വേഷണത്തിന്റെ പല ഘട്ടങ്ങളിലും ദൈവം ഏകനും പരാശ്രയമുക്തനുമാണെന്നു ബോധ്യപ്പെടും. ആ ഏകദൈവത്തിന്റെ നിത്യനിയമ വ്യവസ്ഥകളെ പൂർണമായി മനസ്സിലാക്കുമ്പോൾ പ്രപഞ്ചനാഥന്റെ നിയമം ഉൾക്കൊണ്ടു കഴിയുന്ന ഏതൊന്നും മുസ്‌ലിം ആണെന്ന് തിരിച്ചറിയും. 'മുസ്‌ലിം' എന്ന പദത്തിന്റെ അർഥം 'കീഴ്‌പ്പെട്ടവൻ,' 'സമർപ്പിച്ചവൻ' എന്നൊക്കെയാണ്. അങ്ങനെ നോക്കുമ്പോൾ സൂര്യനും ചന്ദ്രനുമെല്ലാം മുസ്‌ലിം ആണ്.

> **നാം ഒരു ഇലക്ട്രോണിക് ഉപകരണം വാങ്ങുമ്പോൾ അത് പ്രവർത്തിപ്പിക്കുന്നത് എങ്ങനെയെന്നും മറ്റും മനസ്സിലാക്കിത്തരുന്ന കാറ്റലോഗ് കൂടെ ലഭിക്കാറുണ്ട്. അതിൽ പറയുന്നതിനു വിപരീതമായി നമ്മൾ ആ ഉപകരണം പ്രവർത്തിപ്പിക്കാൻ ശ്രമിച്ചാൽ അതിനു കേടപാടുകൾ വരുമെന്നതിൽ സംശയമില്ല. കാരണം നിർമാതാക്കൾക്കാണ് ഉൽപന്നത്തെക്കുറിച്ച് കൃത്യമായി അറിവുണ്ടാവുക. അതുപോലെയാണ് മനുഷ്യന്റെ കാര്യവും. അവന്റെ സ്രഷ്ടാവിനു മാത്രമെ അവന് ഉപകാരപ്രദമായതും ഉപദ്രവകരമായതും എന്തൊക്കെയെന്ന് കൃത്യമായും സൂക്ഷ്മമായും അറിയുകയുള്ളൂ. ആ സ്രഷ്ടാവിന്റെ നിയമങ്ങൾക്കേ അവന്റെ ജീവിതത്തെ സമാധാനപൂർണമാക്കുവാൻ സാധിക്കുകയുള്ളൂ.**

സ്രഷ്ടാവ് സൂര്യനുമേൽ ഒരു നിത്യനിയമം വച്ചു. അതിനനുസരിച്ച് അത് വെളിച്ചം നൽകി നിർണിതമായ പാതയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെവരുമ്പോൾ സ്രഷ്ടാവിന്റെ കൽപനയനുസരിച്ച് ഒരു അണുവിട തെറ്റാതെ നിലനിൽക്കുന്ന സൂര്യൻ മുസ്‌ലിമാണ്. പ്രകാശം പ്രതിഫലിപ്പിച്ച് ഭൂമിയെ കുളിർമയുള്ളതാക്കുന്ന ചന്ദ്രനും ദൈവകൽപന അനുസരിക്കുന്നതിനാൽ മുസ്‌ലിമാണ്.

നമ്മുടെ ശരീരത്തിൽ വ്യത്യസ്ത ധർമങ്ങൾ നിർവഹിക്കുന്ന വ്യത്യസ്ത അവയവങ്ങളുണ്ട്. അവയും ദൈവകൽപനയനുസിക്കുന്നതിനാൽ മുസ്‌ലിം എന്ന വിശേഷണത്തിന് അർഹമാണ്. കണ്ണിനോടുള്ള ദൈവകൽപന കാണുക എന്ന ധർമം നിർവഹിക്കലാണ്. ചെവിയുടേത് കേൾക്കലും. ചെവികൊണ്ട് ആരും കാണാറില്ല. കണ്ണുകൊണ്ട് ആരും കേൾക്കാറുമില്ല.

**(അവസാനിച്ചില്ല)**



ലേഖനം

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

# നല്ലമരണത്തിന്റെ ലക്ഷണങ്ങൾ

2

ചില അടയാളങ്ങൾവഴി ജീവിതത്തെയും മരണത്തെയും കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നുവെന്നല്ലാതെ, ജീവൻ എന്നാൽ എന്താണെന്നോ, മരണം എന്നാൽ എന്താണെന്നോ സൂക്ഷ്മവും വസ്തുനിഷ്ഠവുമായി നിർവചിക്കുവാൻ പണ്ഡിതൻമാർക്കോ ശാസ്ത്രജ്ഞൻമാർക്കോ നാളിതുവരെ കഴിഞ്ഞിട്ടില്ല. ചിലർക്ക് ചില അഭിപ്രായങ്ങളുണ്ടെന്ന് മാത്രം. ഭാവിയിൽ കഴിഞ്ഞേക്കുമെന്ന നിഗമനത്തിൽ ശാസ്ത്രം അതിന്ന് പാടുപെട്ടുകൊണ്ടുമിരിക്കുകയാണ്. പക്ഷേ, അത് രണ്ടും അല്ലാഹുവിന്റെ രഹസ്യങ്ങളിൽ ഒന്നായിത്തന്നെ അവശേഷിക്കുന്നതാണ്. ഏതായാലും, ആ ഭൗതിക ജീവിതത്തിന്റെ അന്ത്യം കുറിക്കുന്ന മരണത്തിനുശേഷം, പുനരുദ്ധാരണത്തിന് മുമ്പുള്ള ഇടക്കാലത്ത് സുഖദുഃഖങ്ങൾ അനുഭവിക്കത്തക്ക ഒരുതരം ആത്മീയ ജീവിതം മനുഷ്യനുണ്ടെന്നത് ക്വുർആൻ കൊണ്ടും ഹദീഥ് കൊണ്ടും ഖണ്ഡിതമായി അറിയപ്പെട്ടതാണ്. ശാസ്ത്രത്തിനോ ബുദ്ധിക്കോ

അതിനെപ്പറ്റി ഗവേഷണം ചെയ്യുവാനും പരീക്ഷണം നടത്തുവാനും സാധ്യമല്ല. ബുദ്ധി അതിനെ അസംഭവ്യമാക്കുന്നില്ലതാനും. ഈ ജീവിതത്തിനാണ് 'ബർസഖി'ലെ ജീവിതമെന്നും, 'ക്വബ്‌റിലെ' ജീവിതമെന്നും പറയുന്നത്. അതിലെ അവസ്ഥ വ്യത്യസ്തമായിരിക്കുമെങ്കിലും ആരുംതന്നെ അതിൽനിന്ന് ഒഴിവാകുന്നതല്ല. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷികളായി മരണപ്പെടുന്നവർക്കുണ്ടെന്ന് അല്ലാഹു പ്രസ്താവിച്ച ആ ജീവിതം കൊണ്ടുദ്ദേശ്യം ഇപ്പറഞ്ഞ അതേരീതിയിലുള്ള ഒരു ജീവിതമായിരിക്കുവാൻ നിവൃത്തിയില്ല. അത് അവർക്ക് പ്രത്യേകമായി നൽകപ്പെടുന്നതും മറ്റുള്ള സത്യവിശ്വാസികളുടേതിനെക്കാൾ ഉന്നതനിലവാരത്തിലുള്ളതുമായ ഒരു ജീവിതമായിരിക്കുവാനേ തരമുള്ളൂ. അല്ലാത്തപക്ഷം, ഈ വചനങ്ങളിലെ പ്രസ്താവനകൾക്ക് വിശേഷിച്ച് അർഥമൊന്നും ഉണ്ടായിരിക്കയില്ലല്ലോ.

(1) 'അവർ മരണപ്പെട്ടവരാണെന്ന് ഗണിക്കേണ്ട, അവർ അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്.' അവർ കൊല്ലപ്പെടുന്നതോടെ, നമുക്ക് സുപരിചിതമായ ആ മരണം അവർക്ക് ബാധിച്ചിട്ടുണ്ടെന്നും നമുക്ക് സുപരിചിതമായ ആ ജീവിതം അവർക്ക് അവസാനിച്ചുകഴിഞ്ഞുവെന്നും തീർച്ചതന്നെ. അപ്പോൾ അവർ ജീവിച്ചിരിക്കുന്നവരാണെന്ന് അല്ലാഹു പറയുന്ന ആ ജീവിതം നമുക്ക് പരിചിതമായ ഭൗതിക ജീവിതമല്ല; പ്രത്യേക അർഥത്തിലുള്ള ഒരു ജീവിതമാണ് എന്ന് വ്യക്തം.

(2) 'അവർക്ക് ഉപജീവനം അഥവാ ആഹാരം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു.' ആ പ്രത്യേക ജീവിതത്തോട് യോജിച്ച ഒരു ആഹാര സമ്പ്രദായമായിരിക്കും അതെന്ന് മാത്രമെ ഇതിനെപ്പറ്റിയും നമുക്ക് പറയുവാൻ സാധിക്കുകയുള്ളൂ. അതും അവർക്ക് ലഭിക്കുന്ന ഒരു അനുഗ്രഹമായിട്ടാണ് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്.

(3) 'അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾകൊണ്ട് അവർ സന്തുഷ്ടരായിരിക്കും.' ഉപജീവനം നൽകപ്പെടുന്നതിന് പുറമെ വേറെയും പല അനുഭവങ്ങളും അവർക്ക് സിദ്ധിക്കുമെന്നാണ് ഇതിലെ സൂചന.

(4) അവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾകൊണ്ട് സന്തോഷഭരിതരാവുക മാത്രമല്ല അവർ ചെയ്യുന്നത്; തങ്ങളുടെ കൂട്ടത്തിലേക്ക് ഭാവിയിൽ വന്നുചേരുവാനിരിക്കുന്ന രക്തസാക്ഷികളാകുന്ന തങ്ങളുടെ സഹോദരങ്ങൾക്ക് അവിടെ ലഭിച്ചേക്കുന്ന അനുഗ്രഹങ്ങൾ കൊണ്ടും അവർ വളരെ സന്തോഷം കൊള്ളുന്നതായിരിക്കും. അതെ, തങ്ങളെക്കുറിച്ച് മാത്രമല്ല, തങ്ങളുടെ ശേഷം വന്നെത്തുവാനിരിക്കുന്ന സഹോദരങ്ങളെക്കുറിച്ചും അവർ സന്തുഷ്ടരാണ്.

(5) അല്ലാഹുവിങ്കൽനിന്ന് തങ്ങൾക്ക് ലഭിച്ചതും ലഭിക്കുന്നതുമായ ഔദാര്യങ്ങൾക്കും അനുഗ്രഹങ്ങൾക്കും പുറമെ, അവരെ പുളകം കൊള്ളിക്കുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. സത്യവിശ്വാസികൾക്ക്-അവർ രക്തസാക്ഷികളാകട്ടെ, അല്ലാത്തവരാകട്ടെ- പൊതുവെ ലഭിക്കുവാനിരിക്കുന്ന വമ്പിച്ച പ്രതിഫലങ്ങളിലും അവരുടെ മരണശേഷം അവയൊന്നും നഷ്ടപ്പെടാതെ അവർക്ക് സിദ്ധിക്കുമല്ലോ എന്നുള്ളതിലും അവർ സന്തോഷിച്ചുകൊണ്ടിരിക്കും.

മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെപ്പറ്റി മരണപ്പെട്ടവർ എന്ന് നിങ്ങൾ പറയേണ്ട. എന്നാൽ അവരാകുന്നു ജീവിക്കുന്നവർ. പക്ഷേ, നിങ്ങൾ (അതിനെപ്പറ്റി) ബോധവാൻമാരാകുന്നില്ല" (2:154).

ശുഹദാക്കളുടെ (രക്തസാക്ഷികളുടെ) ആത്മാക്കൾ പച്ചവർണമുള്ള ചില പക്ഷികളുടെ ഉള്ളങ്ങളിലായി സ്വർഗത്തിൽ അവർ ഉദ്ദേശിച്ചേടത്തുകൂടി മേഞ്ഞുകൊണ്ടിരിക്കുമെന്നും അവർക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലങ്ങൾ കണ്ട് തങ്ങളെ ഇഹത്തിലേക്ക് മടക്കി വീണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തു കൊല്ലപ്പെടുമാറാക്കിക്കൊടുക്കുവാൻ അവർ അല്ലാഹുവിനോട് അപേക്ഷിക്കുമെന്നും, ഇനി മടക്കമില്ലെന്ന് നിശ്ചയിച്ചുവെച്ചിരിക്കുന്നതായി അല്ലാഹു അവരോട് മറുപടി പറയുമെന്നും നബിﷺ പ്രസ്താവിച്ചിട്ടുണ്ട്. (മുസ്‌ലിം).

അല്ലാഹുവും റസൂലും അറിയിച്ചുതന്നതിനപ്പുറം അവരുടെ ആത്മീയമായ ആ അദൃശ്യജീവിതത്തെപ്പറ്റി നമുക്കൊന്നും അനുമാനിക്കുവാൻ സാധ്യമല്ല. യുദ്ധത്തിൽവെച്ചോ ശത്രുക്കളുടെ കൈക്കൊ കൊല്ലപ്പെട്ടാൽ മാത്രംപോരാ, നിഷ്‌കളങ്ക മനസ്സോടും ഐഹികമായ ലക്ഷ്യങ്ങൾവെച്ചുകൊണ്ടല്ലാതെയും രണാങ്കണത്തിലിറങ്ങി കൊല്ലപ്പെട്ടവരായെങ്കിൽ മാത്രമെ ഇപ്പറഞ്ഞ നേട്ടങ്ങൾ ഉണ്ടായിരിക്കുകയുള്ളൂവെന്ന് പല ഹദീഥുകളും വ്യക്തമാക്കുന്നുണ്ട്.

നബിﷺ പറഞ്ഞു: "ഒരു മുസ്‌ലിമായ മനുഷ്യൻ ഒരു ഒട്ടകത്തിന്റെ കറന്നെടുത്ത മുലയിൽ പാലുവരുന്ന സമയദൈർഘ്യത്തിൽ അല്ലാഹുവിന്റെ മാർ

ഗത്തിൽ പോരാടിയാൽ അവന് സ്വർഗം നിർബന്ധമായി. ഒരാൾക്ക് അല്ലാഹുവിന്റെ മാർഗത്തിൽ ഒരു മുറിവേറ്റു. അല്ലെങ്കിൽ കുത്തേറ്റു. പ്രസ്തുത മുറിവ് പച്ചയായി അന്ത്യനാളിൽ വരും. അതിന്റെ നിറം കുങ്കുമത്തിന്റെതും മണം കസ്തൂരിയുടെതുമായിരിക്കും" (തിർമിദി).

ശഹീദായവന് ലഭിക്കുന്ന പ്രതിഫലവും അതിനുള്ള മഹത്ത്വവും വിവരിക്കുന്ന ഹദീഥുകൾ ഇനിയും നമുക്ക് കാണാൻ സാധിക്കും. വായനക്കാരന്റെ അറിവിലേക്കായി ചിലതുകൂടി ഇവിടെ ചേർക്കട്ടെ.

നബിﷺ പറഞ്ഞതായി അനസ്‌ ഉദ്ധരിക്കുന്നു: "മരണപ്പെട്ടുപോയിട്ട് അല്ലാഹുവിങ്കൽനിന്ന് നന്മ ലഭിക്കുന്ന ഒരാത്മാവിനും തന്നെ, ഇഹലോകത്തേക്ക് മടങ്ങിവരുന്നത് സന്തോഷമായിരിക്കയില്ല- ശഹീദ് ഒഴികെ. ശഹാദത്തിന്റെ (രക്തസാക്ഷിയായി മരിക്കുന്നതിന്റെ) ശ്രേഷ്ഠത കണ്ടനുഭവിക്കുന്നതുകൊണ്ട് ഇഹലോകത്തേക്ക് മടങ്ങിവന്ന് മറ്റൊരു പ്രാവശ്യംകൂടി കൊല്ലപ്പെടുന്നത് അവന് സന്തോഷകരമായിരിക്കും" (മുസ്‌ലിം, അഹ്മദ്).

ജാബിർ‌ പറയുകയാണ്: "എന്റെ പിതാവ് ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ, ഞാൻ കരഞ്ഞുകൊണ്ടിരിക്കുകയും അദ്ദേഹത്തിന്റെ മുഖത്തുനിന്ന് തുണി നീക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയായി. സ്വഹാബികൾ എന്നെ വിലക്കിക്കൊണ്ടിരുന്നു. റസൂൽﷺ വിലക്കുകയുണ്ടായില്ല. അവിടുന്ന് പറഞ്ഞു: 'കരയേണ്ട, അദ്ദേഹം ഉയർത്തപ്പെടുന്നത് (അദ്ദേഹത്തിന്റെ ജനാസ എടുക്കപ്പെടുന്നത്) വരെ മലക്കുകൾ അവരുടെ ചിറകുകളാൽ അദ്ദേഹത്തിന് തണലേകിക്കൊണ്ടിരിക്കുന്നു" (ബുഖാരി, മുസ്‌ലിം, നസാഈ).

ഇബ്നു അബ്ബാസ്‌ പറയുന്നു: "റസൂൽﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ഉഹ്ദിന്റെ ദിവസം നിങ്ങളുടെ സഹോദരങ്ങൾക്ക് ആപത്ത് പിണഞ്ഞപ്പോൾ, അവരുടെ ആത്മാക്കളെ അല്ലാഹു പച്ചവർണമുള്ള ചില പക്ഷികളുടെ ഉള്ളങ്ങളിലാക്കിയിരിക്കുന്നു. അവ സ്വർഗത്തിലെ അരുവികളിൽനിന്ന് വെള്ളം കുടിക്കുന്നു. അതിലെ ഫലങ്ങളിൽനിന്ന് തിന്നുകയും ചെയ്യുന്നു. 'അർശി'ന്റെ തണലിലുള്ള സ്വർണക്കിനാദി(വിളക്കു)കളിൽ അവ ചെന്നുകൂടുകയും ചെയ്യുന്നു. അങ്ങനെ, തങ്ങളുടെ ഭക്ഷണപാനീയങ്ങളുടെ മെച്ചവും വിശ്രമസ്ഥാനത്തിന്റെ മെച്ചവും കണ്ടപ്പോൾ അവർ പറഞ്ഞു: 'ഞങ്ങൾക്ക് അല്ലാഹു ചെയ്തുതന്നത് ഞങ്ങളുടെ സഹോദരങ്ങൾ കണ്ടെങ്കിൽ എത്ര നന്നായേനെ! എന്നാലവർ ധർമസമരത്തിൽ താൽപര്യക്കുറവ് കാണിക്കാതെയും യുദ്ധത്തിന് മടിക്കാതെയും ഇരുന്നേനെ! അപ്പോൾ, അല്ലാഹു പറഞ്ഞു: നിങ്ങൾക്കുവേണ്ടി ഞാൻ ഇത് (ഈ വിവരം) അവർക്ക് എത്തിച്ചുകൊടുത്തുകൊള്ളാം..." (അഹ്മദ്, അബൂദാവൂദ്, ഹാകിം, ഇബ്നുജരീർ)

ഇബ്നു അബ്ബാസി‌ൽനിന്ന് അഹ്മദും ഇബ്നുജരീറും നിവേദനം ചെയ്ത ഒരു ഹദീഥിൽ, ശുഹദാക്കൾക്ക് അവരുടെ ആഹാരം സ്വർഗത്തിൽനിന്ന് രാവിലെയും വൈകുന്നേരവും ലഭിക്കുന്നതാണ് എന്നും വന്നിരിക്കുന്നു.

നബിﷺ പറഞ്ഞു: "രക്തസാക്ഷിക്ക് അല്ലാഹുവിന്റെ അടുത്ത് ആറ് കാര്യങ്ങളുണ്ട്. ആദ്യരക്തം ചിന്തുമ്പോൾ തന്നെ അയാൾക്ക് പൊറുക്കപ്പെടും. സ്വർഗത്തിൽ തന്റെ ഇരിപ്പിടം അയാൾ കാണും. ക്വബ്ർ ശിക്ഷയിൽനിന്ന് അയാൾ സംരക്ഷിക്കപ്പെടും. (അന്ത്യനാളിന്റെ) ഭീകരതയിൽനിന്ന് അയാൾ നിർഭയനായിരിക്കും. 'വക്വാറി'ന്റെ കിരീടം അയാളുടെ തലയിൽ ചൂടപ്പെടും. പ്രസ്തുത കിരീടത്തിലെ മാണിക്യം ഇഹലോകത്തെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമായിരിക്കും. ഹൂറുൽഈനിലെ എഴുപത്തി രണ്ട് ഇണകളെ അയാൾക്ക് വിവാഹം ചെയ്തു നൽകും. അയാളുടെ ബന്ധുക്കളിൽ എ



ഴുപതുപേർക്ക് ശുപാർശ ചെയ്യുവാൻ അയാൾക്ക് അനുമതി നൽകും" (തിർമിദി).

ഈ ഒരു ഹദീഥിൽ അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വഹിച്ചവനുള്ള ആറു ഗുണങ്ങൾ പറയുന്നുണ്ട്:

1. ആദ്യരക്തം ചിന്തുമ്പോൾ തന്നെ അയാൾക്ക് പൊറുക്കപ്പെടും: മനുഷ്യൻ തെറ്റുപറ്റുന്നവനാണ്. അവന്റെ പാപങ്ങൾ പൊറുക്കപ്പെട്ടാൽ മാത്രമെ വിശ്വാസിയാണെങ്കിൽ കൂടി അവന് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

നബിﷺ പറഞ്ഞു: "ആദം സന്തതികൾ മുഴുവൻ തെറ്റുചെയ്യുന്നവരാണ്. തെറ്റു ചെയ്യുന്നവരിൽ ഏറ്റവും ഉത്തമർ തൗബ (പശ്ചാത്തപിക്കുന്നവർ) ചെയ്യുന്നവരാണ്" (തിർമിദി).

2. സ്വർഗത്തിൽ തന്റെ ഇരിപ്പിടം അയാൾ കാണും: ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം സ്വർഗം ലഭിക്കലും നരകത്തിൽനിന്നുള്ള രക്ഷയുമാണല്ലോ. ശഹീദിനെ സംബന്ധിച്ച് ജീവിതത്തിന്റെ ലക്ഷ്യം, രക്തസാക്ഷിയാകുന്നതോടുകൂടി അവൻ അനുഭവിച്ചുതുടങ്ങുന്നു.

ഇമാം അഹ്മദി﷬നോട് ചോദിക്കപ്പെട്ടു: "എപ്പോഴാണ് ആശ്വാസം ലഭിക്കുക? അദ്ദേഹം പറഞ്ഞു: സ്വർഗത്തിൽ ആദ്യ കാൽപാദം വെക്കുന്നതോടുകൂടി."

3. ക്വബ്ർ ശിക്ഷയിൽനിന്ന് അയാൾ രക്ഷപ്പെടും: മരണപ്പെട്ടാൽ ആദ്യമായി അഭിമുഖീകരിക്കാൻ പോകുന്ന ഘട്ടം ക്വബ്റിലെ രക്ഷയും ശിക്ഷയുമാണ്. ക്വബ്റിൽ രക്ഷപ്പെട്ടാൽ ആശ്വാസമാണ്. അവിടെ ശിക്ഷിക്കപ്പെട്ടാൽ പ്രയാസവുമായിരിക്കും നാളെ വിചാരണ നാളിൽ.

4. 'വക്വാറി'ന്റെ കിരീടം അയാളുടെ തലയിൽ ചൂടപ്പെടും: പ്രസ്തുത കിരീടത്തിലെ മാണിക്യം ദുനിയാവിനെക്കാളും അതിലുള്ളതിനേക്കാളും ഉത്തമമായിരിക്കും. ശഹീദായവന് അല്ലാഹു നൽകുന്ന പ്രതിഫലത്തിന്റെ മഹത്ത്വവും വലിപ്പവും വിളിച്ചോതുന്നതാണ് ഇത്.

5. ഹൂറുൽ ഈനിലെ എഴുപത്തി രണ്ട് ഇണകളെ അയാൾക്ക് ഇണയാക്കിക്കൊടുക്കും: ആകർഷകവും മനോഹരവുമായ ശരീരത്തോടും നേത്രങ്ങളോടുംകൂടിയ തരുണികളാണ് ഹൂറുൽഈൻ. അങ്ങനെയുള്ള എഴുപത്തിരണ്ട് പേരെ ശഹീദായ ഒരാൾക്ക് ഇണയായി ലഭിക്കുമെന്നതും ശഹീദിനുള്ള ശ്രേഷ്ഠതയാണ്.

6. തന്റെ ബന്ധുക്കളിൽ എഴുപത് പേർക്ക് ശുപാർശ ചെയ്യുവാൻ അയാൾക്ക് അനുമതി നൽകും. അന്ത്യനാളിൽ സ്വന്തം ബന്ധുക്കളെ രക്ഷപ്പെടുത്തുന്നതിന് വേണ്ടി അല്ലാഹുവിനോട് ശഫാഅത്ത് നടത്താൻ സൗഭാഗ്യം ലഭിക്കുന്നവരാണ് രക്തസാക്ഷികൾ.

ആത്മാർഥമായി ഒരു വിശ്വാസി ശഹീദാവാൻ വേണ്ടി അല്ലാഹുവിനോട് പ്രാർഥിച്ചാൽ അവൻ യുദ്ധത്തിൽ കൊല്ലപ്പെട്ടില്ലെങ്കിലും ശരി, അവന് ശഹീദിന്റെ പ്രതിഫലം അല്ലാഹു നൽകുന്നതായിരിക്കും.

നബിﷺ പറഞ്ഞു: "ഒരാൾ സത്യസന്ധമായി അല്ലാഹുവോട് ശഹാദത്ത് തേടിയാൽ അല്ലാഹു അയാളെ രക്തസാക്ഷികളുടെ സ്ഥാനമാനങ്ങളിലെത്തിക്കും. അയാൾ തന്റെ വിരിപ്പിൽ കിടന്ന് മരിച്ചാലും ശരി" (മുസ്‌ലിം).

മറ്റൊരു ഹദീഥിൽ കാണാം; നബിﷺ പറഞ്ഞു: "ഒരാൾ രക്തസാക്ഷിത്വം സത്യസന്ധമായി തേടിയാൽ അയാൾക്ക് അത് (രക്തസാക്ഷിത്വത്തിന്റെ പ്രതിഫലം) നൽകപ്പെടും. അയാൾ രക്തസാക്ഷിയായിട്ടില്ലെങ്കിലും ശരി" (മുസ്‌ലിം).

### 3. വെള്ളിയാഴ്ച രാപകലുകളിൽ മരണപ്പെടൽ

അബ്ദുല്ലാഹ് ഇബ്നുഅംറി﷛ൽ നിന്നും നിവേദനം; നബിﷺ പറഞ്ഞു: "വെള്ളിയാഴ്ച ദിനം അല്ലെങ്കിൽ വെള്ളിയാഴ്ച രാവിൽ മരണപ്പെടുന്ന യാതൊരു മുസ്‌ലിമുമില്ല; അല്ലാഹു അദ്ദേഹത്തെ ക്വബ്റിന്റെ പരീക്ഷണത്തിൽ നിന്ന് സംരക്ഷിക്കാതെ." (അഹ്മദ്, തുർമുദി).

### 4. നെറ്റിത്തടം വിയർത്തുകൊണ്ടുള്ള മരണം

നെറ്റിത്തടം വിയർത്തുകൊണ്ടാണ് മരിക്കുന്നത് എങ്കിൽ അത് നല്ല മരണത്തിന്റെ ലക്ഷണമാണ്:

ബുറയ്ദ ഇബ്നു ഹുസ്വയ്ബി﷛ൽ നിന്ന് നിവേദനം; അദ്ദേഹം ഖുറാസാനിലായിരുന്നു. അപ്പോൾ രോഗിയായ തന്റെ ഒരു സഹോദരനെ അദ്ദേഹം സന്ദർശിച്ചു. ആ സഹോദരൻ മരണവേളയിൽ തന്റെ നെറ്റിത്തടം വിയർത്ത നിലയിലാണ്. അപ്പോൾ ബുറൈദ﷛ പറഞ്ഞു: "അല്ലാഹു അക്ബർ, അല്ലാഹുവിന്റെ റസൂൽﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: 'മുഅ്മിനിന്റെ മരണം നെറ്റിത്തടം വിയർത്തുകൊണ്ടായിരിക്കും" (അഹ്മദ്, നസാഈ, ഇബ്നുമാജ).

**(അവസാനിച്ചില്ല)**

അർഷദ് താനൂർ
arshadtnr@gmail.com

കവിത



# ഒലീവ് ഇനിയും തളിർക്കും

കേൾക്കാത്ത ശബ്ദങ്ങൾ
ഇനിയെന്റെതാണ്.
പൊരുതുന്ന കൂട്ടിൽ
ഞാൻ, ഒരു ശബ്ദമാണ്.
പൊട്ടിച്ചിരിക്കുക,
ഇനിയും ചിരിക്കുക,
തോക്കിൻ കുഴലിന്റെ
മുന്നിൽ ചിരിക്കുക!
ചിതറിത്തെറിച്ച
കബന്ധങ്ങൾക്കു കാവലായ്
ചിതറാതെ, പതറാതെ
കരം ചേർത്ത് നിൽക്കുക
പിഞ്ചു കുഞ്ഞിന്റുടൽ
കണ്ണീർ പുരട്ടാതെ
മണ്ണിന്റെ മാറിൽ
മനഃസാക്ഷി നാട്ടുക.
പാതി വെന്തുരുകിയ
കവിൾത്തടം ചുംബിച്ച്
ധീരമായ് കണ്ണുകൾ
തഴുകിയുറക്കുക.
ഇത് ഖുദ്സിന്റെ ഭൂമി;
കാരുണ്യം കരയുന്ന
ഗസ്സയുടെ ഭൂമി!
ഇരുളു കീറി
പകലു തെളിയുംവരേക്കും
നീ പോരാളിയാവുക,
പടവെട്ടി നിൽക്കുക.
ശ്വാസം നിലച്ചാൽ
ജനിച്ച മണ്ണിനെ
പുണർന്നു കിടക്കുക.
ഖുദ്സിന്റെ മണ്ണിൽ
ഒലിവിനിയും തളിർക്കും
അവസാന വിജയം
നമ്മൾ വരിക്കും!

WISDOM ALIVE
COUNSELLING DESK



## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MAY 15

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# അറിവ് തേടി
# അലയേണ്ടതില്ല...
# അറിയേണ്ടതെല്ലാം
# വിരൽ തുമ്പിലുണ്ട്...
# പീസ് റേഡിയോ.....




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm